# കുമ്പസാരം എന്റെ ആത്മരക്ഷയ്ക്ക്

ഫാ. ആന്റണി ഇലവുംകുടി

# കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യ കന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏറ്റു പറയുന്നു. വിചാരത്താലും വാക്കാലും പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി. എന്റെ പിഴ, എന്റെ പിഴ, എന്റെ വലിയ പിഴ.

ആകയാൽ നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും വിശുദ്ധ സ്നാപകയോഹന്നാനോടും ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും വിശുദ്ധ പൗലോസിനോടും വിശുദ്ധ തോമായോടും സകല വിശുദ്ധരോടും പിതാവേ അങ്ങയോടും, നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു ഞാനപേക്ഷിക്കുന്നു.

ആമ്മേൻ

മലയാളം
**കുമ്പസാരം എന്റെ ആത്മരക്ഷയ്ക്ക്**
Fr. Antony Elevumkudy

*Published on* : Sept. 1, 2012

*Copies :* 5000

*Publisher :*
Fr. Antony Elevumkudy
St. Mary's Forane Church
Tripunithura, Pin -682 301 Ph : 2777348

*Printed at :*
Viani Printings,
Ernakulam, Kochi-682 018
Ph : 0484-2402548, 2401635

*Nihil Obtat :* Very Rev. Fr. Varghese Kattuparambil

*Imprimatur :* Mar Thomas Chakiath

*Cover & Page Layout :*
Blyth Graphics
Ph : 9847384038

*Price :* Rs. 15/-

# ഉള്ളടക്കം


മുഖവുര 7

**കുമ്പസാരം എന്റെ ആത്മരക്ഷയ്ക്ക്** 9

**1. മനസ്സാക്ഷി** 9

a. ഹൃദയത്തിന്റെ ശബ്ദം

b. ശരിയായ മനസ്സാക്ഷി

**2. പ്രമാണങ്ങൾ** 13

പ്രമാണങ്ങൾ ചുരുക്കത്തിൽ

ഒന്നാം പ്രമാണം

രണ്ടാം പ്രമാണം

മൂന്നാം പ്രമാണം

നാലാം പ്രമാണം

അഞ്ചാം പ്രമാണം

ആറാം പ്രമാണം

ഏഴാം പ്രമാണം

എട്ടാം പ്രമാണം

ഒമ്പതാം പ്രമാണം

പത്താം പ്രമാണം

**3. തിരുസ്സഭയുടെ കല്പനകൾ** 24

**4. പാപമെന്നാലെന്ത്? 25**

a. മാരക പാപങ്ങൾ

b. ലഘുപാപങ്ങൾ

**5. കുമ്പസാരം 28**

a. പശ്ചാത്താപം

b. പൂർണ്ണ മനസ്താപം

c. അപൂർണ്ണ മനസ്താപം

d. ഒരു മാനസിക പ്രശ്നം

e. പശ്ചാത്താപവും മനസ്സമാധാനവും

f. വെടിക്കാരന്റെ മാനസാന്തരം

g. നീട്ടിവയ്ക്കാൻ പാടില്ല

**6. വ്യാജകുമ്പസാരം 36**

**7. കുമ്പസാരത്തിന്റെ ഫലങ്ങൾ 39**

**8. സ്വർഗ്ഗകവാടം തുറക്കൽ 41**

**9. ദണ്ഡവിമോചനങ്ങൾ 45**

1. താൽക്കാലിക ശിക്ഷയിൽനിന്നു മോചനം

2. കുമ്പസാരത്തിന്റെ പൂർണ്ണത

**10. ഉപസംഹാരം 47**

# മുഖവുര

ഒരു ക്രൈസ്തവൻ കുമ്പസാരിക്കാൻ തയ്യാറാകുമ്പോൾ ആദ്യമായി തന്റെ പാപങ്ങളോർത്ത് മനസ്തപിക്കുന്നു. മനസ്സിന്റെ പ്രവർത്തനമാണിത്; ഹൃദയത്തിന്റെ തപിക്കൽ. അയാൾ പാപവും പാപമാർഗങ്ങളും ഉപേക്ഷിക്കാൻ മനസ്സു വയ്ക്കുന്നു; ദൈവത്തിലേക്കു തിരിയുന്നു.

ഇങ്ങനെ മനസ്തപിച്ച പാപി തുടർന്നു വൈദികനോടു പാപങ്ങൾ വെളിപ്പെടുത്തുന്നു. ചാവുദോഷങ്ങൾ മുഴുവനും ഏറ്റുപറയുക ആവശ്യമാണ്. എന്നാൽ മാത്രമേ പാപങ്ങളിൽ നിന്നു മോചനം കിട്ടുകയുള്ളൂ. മനഃപൂർവ്വം ഏതെങ്കിലും ചാവുദോഷം ഒളിച്ചുവച്ച്, പറയാതിരുന്നാൽ അതു വ്യാജ കുമ്പസാരമാകും. വെളിപ്പെടുത്തിയ പാപങ്ങൾക്കുപോലും പൊറുതി കിട്ടുകയില്ല; കൂടാതെ ദൈവദോഷമെന്ന മഹാപാപത്തിന് ഇരയാകുന്നതാണ്. പുരോഹിതൻ നിശ്ചയിക്കുന്ന പ്രായശ്ചിത്തം കേട്ടു പാപി പിൻവാങ്ങുന്നു. ഇതിന്റെയെല്ലാം ഫലമായി ദൈവത്തോടു രമ്യതപ്പെടുകയത്രേ ചെയ്യുന്നത്. അദ്ദേഹമിപ്പോൾ സന്തോഷവാനാണ്; പാപങ്ങൾക്കു മോചനം കിട്ടിയതിലുള്ള സമാധാനത്താൽ.

കുമ്പസാരത്തിനുശേഷം ആളുകൾ കണ്ണീരൊഴുക്കി

സമാധാനത്തോടെ കുമ്പസാരരംഗം വിടുന്നതു ഞാൻ കണ്ടിട്ടുണ്ട്. ചിലർ സമാധാനത്തിന്റെ നെടുവീർപ്പിടുന്നതു കേട്ടിട്ടുണ്ട്. 'എനിക്കു സമാധാനമായച്ചാ' എന്നു മന്ത്രിച്ചു കൊണ്ടാണു ചിലർ പോയിട്ടുള്ളത്.

തിരുപ്പട്ടം സ്വീകരിച്ച വൈദികൻ കുമ്പസാരക്കൂട്ടി ലിരുന്നു തന്നെ സമീപിക്കുന്ന പാപികളുടെ പാപങ്ങൾ കേൾക്കുന്നു. അദ്ദേഹം പ്രായശ്ചിത്തം കല്പിക്കുന്നു. അദ്ദേഹം പാപമോചനം നൽകുന്നു. പാപി അവിടെ നിന്നു പിൻവാങ്ങുന്നു. അങ്ങനെ ആത്മസംതൃപ്തി പ്രാപിച്ച വർ നൃത്തംവച്ച് ആഹ്ലാദിക്കുന്ന ഒരു ചിത്രം ഞാൻ കണ്ടി ട്ടുണ്ട്. ഏതോ കലാകാരൻ വരച്ചതാണ്. സത്യമാണ് അദ്ദേ ഹം ആ ചിത്രത്തിലൂടെ പ്രത്യക്ഷമാക്കിയത്.

തമ്പുരാൻ കർത്താവ് പാപിയുടെ മരണം ആഗ്ര ഹിക്കുന്നില്ല. അവിടുന്നു പാപികളെ തേടിവരുന്ന ദൈവ മാണ്. അവർ രക്ഷപ്രാപിക്കുന്നതിനു കുമ്പസാരമെന്ന കൂദാശ സ്ഥാപിച്ചു. രക്ഷയുടെ ഈ പദ്ധതിയെ നമുക്കു വിലമതിക്കാം; ആശ്ലേഷിക്കുകയും ചെയ്യാം. സമാധാന ത്തിൽ ജീവിക്കാൻ ആഗ്രഹിക്കാത്തത് ആരാണ്? ആത്മാർ ത്ഥമായി പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കുന്നവന് അത് കിട്ടുന്നു.

# കുമ്പസാരം
# എന്റെ ആത്മരക്ഷയ്ക്ക്

ദൈവനിശ്ചയമനുസരിച്ചു ഞാൻ ഈ ലോകത്തേക്കു വന്നു. ഇവിടെ ചുരുങ്ങിയ കാലമോ ചിരകാലമോ ജീവിച്ചു ദൈവത്തിൽ തിരിച്ചെത്തണം. ഇതാണ് എന്റെ ആത്മരക്ഷ എന്നുവരികിലും ദുഷ്ടമായതൊന്നും അതിനു തടസ്സമാകാൻ പാടില്ല. എന്നാൽ എനിക്കു തുണയായി മനസ്സാക്ഷിയും ദൈവപ്രമാണങ്ങളുമുണ്ട്. അവ എനിക്കു മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. ഞാൻ മനസ്സാക്ഷിയുടെ ശബ്ദം ശ്രദ്ധിക്കേണ്ടവനാണ്; പ്രമാണങ്ങൾപ്രകാരം ജീവിക്കേണ്ടവനാണ്.

അദ്ധ്യായം 1

## മനസ്സാക്ഷി

മനസ്സാക്ഷിയെന്നാലെന്ത്? നന്മ ചെയ്യുന്നതിനും തിന്മ ചെയ്യാതിരിക്കുന്നതിനും മനസ്സിലുണ്ടാകുന്ന പ്രേരണയാണത്. നിങ്ങൾ പാപത്തിൽ മുഴുകി ജീവിക്കുന്നവനല്ലെങ്കിൽ ആ പ്രേരണ നിങ്ങൾക്ക് എപ്പോഴും അനുഭവപ്പെട്ടുകൊണ്ടിരിക്കും. 'മനുഷ്യമനസ്സിലെ അഗാധങ്ങളിൽ മനുഷ്യൻ ഒരു നിയമം കാണുന്നുണ്ട്. അവൻ സ്വയം തന്റെ മേൽ അത് ആരോപിച്ചതല്ല. പ്രത്യുത, അവൻ ഈ നിയമം

അനുസരിക്കുവാൻ നിർബന്ധിതനാകുകയാണ്. നന്മയെ സ്നേഹിക്കാനും തിന്മയെ ഉപേക്ഷിക്കാനും ആ സ്വരം ആഹ്വാനം ചെയ്യുന്നു. അവന്റെ ഹൃദയത്തിൽ അതിപ്രകാരം മന്ത്രിക്കുന്നു, 'ഇതു ചെയ്യുക, അതു ചെയ്യാതിരിക്കുക' എന്നൊക്കെ. മനുഷ്യഹൃദയത്തിൽ ദൈവത്താൽ ആലേഖിതമായ ഈ നിയമം അനുസരിക്കുന്നതാണ് അവനു മാഹാത്മ്യം!' (സഭ ആധുനിക ലോകത്തിൽ – 16).

മനസ്സാക്ഷി സാർവ്വത്രികമായ പ്രതിഭാസമാണെന്നു പറയാം. അതിന്റെ ശബ്ദം എല്ലാ മനസ്സുകളിലും മന്ത്രിക്കുന്നുണ്ട്. 'നിയമം ലഭിച്ചിട്ടില്ലാത്ത വിജാതീയർ നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾ സ്വാഭാവികമായിത്തന്നെ നിറവേറ്റുമ്പോൾ, നിയമമില്ലെന്നിരിക്കിലും അവർ തങ്ങൾക്കു തന്നെ ഒരു നിയമമാവുകയത്രെ ചെയ്യുന്നത്' (റോമാ 2:14). ക്രൈസ്തവരല്ലാത്തവരെ നന്മയും തിന്മയും വേർതിരിച്ചറിയുന്നതിനു മനസ്സാക്ഷി സഹായിക്കുന്നു.

## a. ഹൃദയത്തിന്റെ ശബ്ദം

ഒരുത്തൻ അതിർത്തിമാറ്റി കൈയാല കുത്തുകയായിരുന്നു. അപ്പോൾ എങ്ങുനിന്നോ ഒരു ചിരികേട്ടു. എവിടെനിന്നാണെന്നറിയാൻ അങ്ങുമിങ്ങുംനോക്കി. ആരെയും കാണാഞ്ഞതുകൊണ്ടു അയാൾ കൈയാലപ്പണി തുടർന്നു. പിന്നെയും കേട്ടു ചിരിയുടെ ശബ്ദം. താൻ അതിർത്തി മാറ്റി കൈയാല കുത്തുന്നത് ആരോ കാണുകയാണെന്ന ഭീതികൊണ്ടു ചിരികേട്ട ഭാഗത്തേക്കു വീണ്ടും നോക്കി. ആരെയും കണ്ടില്ല. ഈ രംഗം പലപ്രാവശ്യം ആവർത്തിച്ചപ്പോൾ അയാൾ സംഭീതനായി കൈയാലപ്പണിയിൽ നിന്നു വിരമിച്ചു. ഒരു അശരീരിവാക്യം അയാൾ ശ്രവിച്ചു. 'മഠയാ, നീ തന്നെ മണ്ണായിത്തീരാൻ അധിക വർഷങ്ങൾ

കാത്തിരിക്കേണ്ടാ, പിന്നെ എന്തിന് അല്പം മണ്ണിനു വേണ്ടി ഈ ബദ്ധപ്പാടൊക്കെ!'

മനസ്സാക്ഷിയുടെ ശബ്ദമാണ് അയാൾ കേട്ടത്. ഒരാൾ പാപത്തിന് അടിമപ്പെട്ടാണു ജീവിക്കുന്നതെങ്കിൽ അയാളുടെ മനസ്സ് മുരടിച്ചുപോകും. ഈ ദുരവസ്ഥ നമ്മെ ബാധിക്കാതിരിക്കട്ടെ.

'മനസ്സാക്ഷി ആത്മാവിന്റെ പ്രകാശമാണ്. ഹൃദയത്തിന്റെ അറകളിൽ അതു കത്തുന്നു. മനസ്സാക്ഷി ജീവിതം പോലെ ഒരു യാഥാർത്ഥ്യമാണ്. നീതിക്കു വിരുദ്ധമായി ആലോചിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അതു പ്രതിഷേധം ഉയർത്തുന്നു. സത്യത്തിന്റെ ഈ രൂപം നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും ശരിയോ തെറ്റോ എന്നു വിവക്ഷിക്കുന്നു' (മുൻ രാഷ്ട്രപതി ഡോ. അബ്ദുൾകലാം 2005 ജൂലൈ 24).

## b. ശരിയായ മനസ്സാക്ഷി

ഒരിക്കൽ ഒരു ബാലന് ഒരു കടലാമ കിട്ടി. അതിനെ അവൻ വാത്സല്യത്തോടെ സംരക്ഷിച്ചു പോന്നു. ഒരു ദിവസം പെട്ടെന്ന് അതു മലർന്നു കിടന്നു. ചത്തെന്നു വിചാരിച്ച് അവൻ വളരെ സങ്കടത്തിലായി. അവനെ ആർക്കും ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. അപ്പോൾ അവന്റെ അപ്പച്ചൻ പറഞ്ഞു. "മോനേ, ഇതാണു നമ്മൾ ഇനി ചെയ്യേണ്ടത്. നമുക്കു ചെറുതായി സംസ്കാര ശുശ്രൂഷ നടത്താം. നിനക്കു നിന്റെ സ്നേഹിതന്മാരെ ക്ഷണിക്കാം." ഇത്രയും കേട്ടപ്പോൾ അവൻ കരച്ചിൽ നിറുത്തി. ആ വത്സല പിതാവ് തുടർന്നു. "എന്നിട്ട് ആമയെ എന്റെ സിഗററ്റു പെട്ടിയിൽ അടക്കം ചെയ്യുക. അതിനുശേഷം ഐസ്ക്രീമും പല

ഹാരവും വിളമ്പി ഒരു പാർട്ടി നടത്താം." അദ്ദേഹം പറഞ്ഞു തീർക്കുന്നതിനു മുമ്പ്, ചത്തപോലെ കിടന്നിരുന്ന ആമ തിരിഞ്ഞുമറിഞ്ഞു നടന്നുനീങ്ങി. ഇതുകണ്ട് ബാലൻ പറഞ്ഞു. "ഡാഡീ, നമുക്കതിനെ കൊല്ലാം."

ആമ അനങ്ങാതെ കിടക്കുന്നതു കണ്ട് അതു ചത്തെന്നു വിചാരിച്ചു ബാലൻ കരഞ്ഞു. അത് അനങ്ങുന്നതു കണ്ടപ്പോൾ ആഹ്ലാദിക്കാനുള്ള അവസരം നഷ്ടപ്പെട്ടല്ലോ എന്നോർത്ത് അവൻ വിഷണ്ഡനായി അതിനെ കൊല്ലാൻ മടിക്കുന്നില്ല. ഇങ്ങനെയാണു ചില ആളുകൾ മനസ്സാക്ഷിയെ വളച്ചൊടിച്ചു മൂല്യങ്ങളെ അവഗണിക്കുകയോ നശിപ്പിക്കുകയോ ചെയ്യുക. ഇതു സംഭവിക്കാതിരിക്കാൻ പോൾ 6-ാമൻ മാർപാപ്പാ ഒരു ദിവസം ഒരു ഗണം സന്ദർശകരോട് പറഞ്ഞത് ഓർക്കാം. "സത്യസന്ധമായ പ്രവൃത്തികൾക്കു മനസ്സാക്ഷിയുടെ പ്രവർത്തനം ഒഴിവാക്കാവുന്നതല്ല. മനുഷ്യവ്യക്തിത്വത്തിന്റെ വികസനത്തിനു മനസ്സാക്ഷിയെ ആദരിക്കണമെന്നാണു ദൈവനിശ്ചയം. എന്നാൽ നമ്മുടെ പ്രവൃത്തികൾ നീതിനിഷ്ഠമാകാൻ അതിനുമുമ്പ് അതിന്റെ രൂപവൽക്കരണം നടന്നിരിക്കണം. തീർച്ചയായും പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കുമ്പോഴാണ് അതു സംഭവിക്കുന്നത്. മനസ്സാക്ഷിക്കു നിഷ്ഠകളും നിയമങ്ങളും ആവശ്യമാണ്. അല്ലെങ്കിലോ വികാരവും സ്വാർത്ഥതയും അന്യരുടെ ദുർമ്മാതൃകകളും സ്വാധീനിച്ചു മനസ്സാക്ഷിയുടെ വിധിയെ ക്ഷയിപ്പിക്കും."

അദ്ധ്യായം 2

# പ്രമാണങ്ങൾ

ഒരിക്കൽ ഒരു യുവാവ് യേശുവിനെ സമീപിച്ചു ചോദിച്ചു. "ഗുരോ, നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തു നന്മയാണ് പ്രവർത്തിക്കേണ്ടത്? അവൻ പറഞ്ഞു. നന്മയെപ്പറ്റി നീ എന്നോടു ചോദിയ്ക്കുന്നതെന്തിന്? നല്ലവൻ ഒരുവൻ മാത്രം. ജീവൻ പ്രാപിക്കാൻ അഭിലഷിക്കുന്നെങ്കിൽ പ്രമാണങ്ങൾ അനുസരിക്കുക. അവൻ ചോദിച്ചു. ഏതെല്ലാം? യേശു പ്രതിവചിച്ചു: കൊല്ലരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം നൽകരുത്. പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" (മത്താ. 19:16-19).

ഭൂമിയിൽ സഞ്ചരിക്കുന്ന നമ്മൾ സ്വർഗ്ഗം ലക്ഷ്യമാക്കി നീങ്ങുകയാണ്. സ്വർഗ്ഗീയ പൗരത്വം സമ്പാദിച്ചു നിത്യകാലം ദൈവത്തോടുകൂടി വസിക്കുക എന്നതാണു ലക്ഷ്യം. എന്നാൽ പല നാൽക്കവലകളും നമുക്കു പിന്നിടേണ്ടതായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ എങ്ങോട്ടു പോകണമെന്നറിയാതെ വിഷമിക്കാനിടയുണ്ട്. അപ്പോൾ പ്രമാണങ്ങൾ നമ്മുടെ സഹായത്തിനെത്തുന്നു. ചൂണ്ടുപലകകൾപോലെ അവ നമുക്കു വഴികാട്ടികളാണ്. "യേശുക്രിസ്തു പ്രത്യക്ഷപ്പെടുന്നതുവരെ പ്രമാണങ്ങളെല്ലാം നിഷ്കളങ്കമായും അന്യൂനമായും നീ കാത്തുസൂക്ഷിക്കണം" (1 തിമോ. 6:14).

## പ്രമാണങ്ങൾ ചുരുക്കത്തിൽ

നല്ല കുമ്പസാരം കഴിച്ചു രക്ഷപ്രാപിക്കുന്നതിനു

പ്രമാണങ്ങൾ ഏവയാണെന്നറിയണം. അവയെ എപ്രകാരം അനുസരിക്കണമെന്നു മനസ്സിലാക്കണം. ഈ ആവശ്യങ്ങൾ മുൻനിറുത്തി നമുക്കു പ്രമാണങ്ങളെക്കുറിച്ചു പഠിക്കാം.

**ഒന്നാം പ്രമാണം :** 'നിന്റെ കർത്താവായ ദൈവം ഞാനാകുന്നു; ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.' ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും സ്നേഹിക്കണമെന്ന് 'നിയമാവർത്തന'മെന്ന പുസ്തകത്തിൽ നമ്മൾ വായിക്കുന്നു (6:5). നമ്മുടെ ജീവിതത്തിൽ ദൈവത്തിനാണു പ്രഥമ സ്ഥാനം നൽകേണ്ടത്. മറ്റുള്ളവരെ സ്നേഹിക്കുന്നതിൽ കൂടുതൽ നമ്മൾ ദൈവത്തെ സ്നേഹിക്കണം. അപ്പോൾ വഴിതെറ്റിപ്പോകയില്ല.

'നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണ'മെന്നു കല്പിച്ചിരിക്കുന്നു (മത്താ. 4:10). ദൈവത്തെ ആരാധിക്കുക, അവിടുത്തോടു പ്രാർത്ഥിക്കുക, അവിടുത്തോടു ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റുക എന്നീ കാര്യങ്ങൾ ഒന്നാം പ്രമാണത്തിൽപ്പെടുന്നു; അനുസരണത്തിന്റെ കീഴിൽ പാലിക്കപ്പെടേണ്ടതാണ്. അന്ധവിശ്വാസത്തിന് കീഴ്പ്പെടാതിരിക്കുക. ദൈവത്തിനു നൽകേണ്ടതായ ആരാധനയിൽനിന്നുള്ള പിരിഞ്ഞു പോകലാണത്. വിഗ്രഹാരാധനയിലും ക്ഷുദ്രപ്രയോഗങ്ങളിലും വ്യർത്ഥാചരണങ്ങളിലും അതു മനുഷ്യനെ വീഴ്ത്തുന്നു. നിരീശ്വരവാദം ദൈവത്തിന്റെ അസ്തിത്വം നിഷേധിക്കുന്ന പ്രവൃത്തിയാണ്.

**രണ്ടാം പ്രമാണം :** ദൈവത്തിന്റെ നാമം വൃഥാ പ്രയോഗിക്കരുതെന്ന് ഈ കല്പന നിഷ്കർഷിക്കുന്നു. അങ്ങേ നാമത്തെ ബഹുമാനിക്കാൻ നമ്മൾ കടപ്പെട്ടവരാണ്.

ദൈവദൂഷണം പറയാൻ പാടില്ല. ദൈവത്തിന്റേയൊ വിശുദ്ധന്മാരുടേയൊ പേരുകൾ നിന്ദാപൂർവ്വം ഉച്ചരിക്കരുത്. നുണയ്ക്കു സാക്ഷിയായി ദൈവത്തെ വിളിക്കുന്നതു വ്യാജശപഥമാണ്. കർത്താവിന് എതിരെയുള്ള കുറ്റമാണു കള്ളസത്യം. സത്യം, അത്യാവശ്യം, ബഹുമാനം എന്നീ മൂന്നുകാര്യങ്ങൾ ഒത്തിണങ്ങിയാലേ ദൈവത്തെ വിളിച്ചു സത്യം ചെയ്യാവൂ.

**മൂന്നാം പ്രമാണം :** കർത്താവിന്റെ ദിവസമായ ഞായറാഴ്ച പരിശുദ്ധമായി ആചരിക്കണം. അന്ന് അടിമവേലകൾ ചെയ്യാതിരിക്കാനുള്ള കടമ നമുക്കുണ്ട്. പുറപ്പാടിന്റെ പുസ്തകത്തിൽനിന്ന് ആ കല്പന ഉദ്ധരിക്കുന്നു. 'ആറു ദിവസം വേല ചെയ്ത് നിന്റെ എല്ലാ ജോലികളും തീർക്കുക. ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിന്റെ സാബത്താകുന്നു. അന്നു നീയോ നിന്റെ മകനോ മകളോ ദാസനോ ദാസിയോ മൃഗമോ നിന്നോടൊത്തു വസിക്കുന്ന പരദേശിയോ ഒരു വേലയും ചെയ്യരുത്.' പണം സമ്പാദിക്കുന്നതിനു ചെയ്യുന്ന ഏതൊരു കായികാദ്ധ്വാനവും 'അടിമവേല'യിൽ പെടുന്നതാണ്. ഉഴവ്, മരംവെട്ട്, കിള തുടങ്ങിയവ കായികാദ്ധ്വാനം ആവശ്യപ്പെടുന്നു. കൂടാതെ തയ്യൽ, അച്ചടി, കല്പണി തുടങ്ങിയവയും. ഫാക്ടറി തൊഴിലുകളും അടിമവേലയിൽ പെടുന്നു. കർത്താവിന്റെ ദിവസത്തിൽ വാണിജ്യപ്രവർത്തനങ്ങളിൽനിന്നു മാറി നിൽക്കേണ്ടതാണ്.

ഞായറാഴ്ചകളിലും കടമുള്ള തിരുന്നാളുകളിലും കുർബ്ബാനയിൽ പങ്കെടുക്കുന്നതിനു ദൈവജനത്തിനു ഗൗരവമായ ചുമതലയുണ്ട്. ഇത് അവഗണിക്കുന്ന ഒരു ക്രൈസ്തവൻ നിഗളിയും സ്വയം വിധികർത്താവും ആ

ണെന്ന് അന്തിയോക്കിയായിലെ വിശുദ്ധ ഇഗ്നേഷ്യസ് കുറ്റപ്പെടുത്തുന്നു.

**നാലാം പ്രമാണം :** 'നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' (മര്‍ക്കോ 7:10). ഈ കല്പനപ്രകാരം ദൈവം കഴിഞ്ഞാല്‍ നമ്മുടെ മാതാപിതാക്കളെയും നമ്മുടെ നന്മയ്ക്കായി അവിടുന്ന് അധികാരപ്പെടുത്തിയിട്ടുള്ളവരെയും നാം ബഹുമാനിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു. മക്കള്‍ തങ്ങളുടെ മാതാപിതാക്കളോടു ബഹുമാനവും നന്ദിയും പ്രദര്‍ശിപ്പിക്കാനും അവരെ നീതിപൂര്‍വ്വകമായി അനുസരിക്കാനും സഹായിക്കാനും കടപ്പെട്ടിരിക്കുന്നു.

വിശ്വാസത്തിലും പ്രാര്‍ത്ഥനകളിലും സകലസുകൃതങ്ങളിലും തങ്ങളുടെ മക്കളെ അഭ്യസിപ്പിക്കാനുള്ള പ്രഥമ ഉത്തരവാദിത്വം മാതാപിതാക്കള്‍ക്കാണ്. തങ്ങളുടെ കുട്ടികളുടെ ശാരീരികവും ആത്മീയവുമായ ആവശ്യങ്ങള്‍ ആവുന്നത്ര സാധിച്ചുകൊടുക്കാന്‍ അവര്‍ക്കു കടമയുണ്ട്. മാതാപിതാക്കള്‍ തങ്ങളുടെ കുട്ടികളുടെ ദൈവവിളിയെ ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ക്രൈസ്തവനുള്ള പ്രഥമവിളി യേശുവിനെ അനുഗമിക്കുക എന്നുള്ളതാണെന്ന് അവര്‍ ഓര്‍മിക്കുകയും പഠിക്കുകയും ചെയ്യട്ടെ.

മനുഷ്യവ്യക്തിയുടെ മൗലികാവകാശങ്ങളെയും അവന്റെ സ്വാതന്ത്ര്യത്തിന്റെ വിനിയോഗത്തിനുള്ള വ്യവസ്ഥകളെയും ബഹുമാനിക്കാന്‍ പൊതുഅധികാരിക്കു കടമയുണ്ട്. സത്യം, നീതി, സഹാനുഭാവം, സ്വാതന്ത്ര്യം എന്നീ ഗുണങ്ങളുടെ ചൈതന്യത്തില്‍ സമൂഹത്തെ പടുത്തുയര്‍

ത്തുന്നതിനു രാഷ്ട്രാധികാരികളോടൊപ്പം അധ്വാനിക്കാൻ പൗരന്മാർക്കു കടമയുണ്ട്. രാഷ്ട്രാധികാരികളുടെ നിർദ്ദേശങ്ങൾ, ധാർമ്മിക നിയമങ്ങൾക്കു വിരുദ്ധമായിരിക്കുമ്പോൾ, അവ അനുസരിക്കാതിരിക്കാൻ പൗരന്മാരെ മനഃസാക്ഷി കടപ്പെടുത്തുന്നു. 'മനുഷ്യരെക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്' (അപ്പസ്തോല പ്രവർത്ത. 5:29).

**അഞ്ചാം പ്രമാണം :** ഗർഭധാരണം മുതൽ മരണംവരെ ഓരോ മനുഷ്യജീവനും പാവനമാണ്. കാരണം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യവ്യക്തി അവനുവേണ്ടിത്തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യജീവിയെ കൊല്ലുന്നതു വ്യക്തിയുടെ മാഹാത്മ്യത്തിനും സ്രഷ്ടാവിന്റെ പരിശുദ്ധിക്കും എതിരായ ഗൗരവമുള്ള തിന്മയാണ്. എന്നാൽ അന്യായമായ അക്രമിയെ നിർവീര്യനാക്കാം.

ഗർഭധാരണം മുതൽ ശിശുവിനു ജീവിക്കാൻ അവകാശമുണ്ട്. നേരിട്ടുള്ള ഗർഭച്ഛിദ്രം ധാർമ്മിക നിയമത്തിനു വിരുദ്ധമായ ഗൗരവമുള്ള കുറ്റകൃത്യമാണ്. ഗർഭധാരണം മുതൽ ഭ്രൂണം ഒരു വ്യക്തിയായി പരിഗണിക്കപ്പെടേണ്ടതാണ്. മറ്റേതൊരു മനുഷ്യജീവിയേയും പോലെ ഭ്രൂണം അതിന്റെ സമഗ്രതയിൽ സംരക്ഷിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും വേണം.

മനഃപൂർവ്വമായ ദയാവധം, അതിന്റെ രീതികളും ഉദ്ദേശ്യങ്ങളും എന്തായാലും കൊലപാതകമാണ്. അതു മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിനും ദൈവത്തോടുള്ള ആദരവിനും ഗൗരവമാംവിധം എതിരാണ്.

ആത്മഹത്യ നീതിക്കും പ്രത്യാശയ്ക്കും സ്നേഹത്തിനുമെതിരായ ഗൗരവമുള്ള തെറ്റാണ്. അഞ്ചാം പ്രമാണം അതു വിലക്കുന്നു.

പ്രവൃത്തിയാലോ ഉപേക്ഷയാലോ മറ്റുള്ളവരെ മനഃപൂർവ്വം ഗൗരവമുള്ള പാപത്തിലേക്കു നയിക്കുമ്പോൾ ഗൗരവമുള്ള തെറ്റിൽ വീഴുന്നു.

യുദ്ധവും അത് ഉൾക്കൊള്ളുന്ന തിന്മകളും അനീതികളും ഒഴിവാക്കാൻ യുക്തമായി സാധിക്കുന്നതെല്ലാം ചെയ്യേണ്ടതാണ്. 'പട്ടിണി, പകർച്ചവ്യാധി, യുദ്ധം എന്നിവയിൽനിന്നു ഞങ്ങളെ കാക്കണമേ, കർത്താവേ' എന്നു സഭ പ്രാർത്ഥിക്കുന്നു.

**ആറാം പ്രമാണം :** മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുകൊണ്ടു ദൈവം ഇരുവർക്കും തുല്യമായ വ്യക്തിമാഹാത്മ്യം നൽകിയിരിക്കുന്നു. സ്ത്രീയും പുരുഷനും തങ്ങളുടെ ലൈംഗികതനിമയെ അംഗീകരിക്കുകയും സ്വീകരിക്കുകയും വേണം. ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും തന്റെ പ്രത്യേക ജീവിതാവസ്ഥയനുസരിച്ചു ശുദ്ധമായ ജീവിതം നയിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

വ്യക്തിത്വത്തിനു ലൈംഗികതയുടെ ശരിയായ സമന്വയമാണു ശുദ്ധത സൂചിപ്പിക്കുന്നത്. ആത്മനിയന്ത്രണത്തിനുള്ള പരിശീലനം ഇതിന് ആവശ്യമാണ്. സ്വയംഭോഗം, അവിവാഹിത വേഴ്ച, അശ്ലീല കല, സ്വവർഗ്ഗഭോഗ പ്രവൃത്തികൾ എന്നിവ ശുദ്ധതക്കെതിരായ ഗൗരവപൂർണ്ണമായ പാപങ്ങളാണ്.

ദമ്പതികൾ സ്വമനസാ ചെയ്ത ഉടമ്പടി വിശ്വസ്ത

മായ സ്നേഹം ആവശ്യപ്പെടുന്നു. തന്മൂലം തങ്ങളുടെ വിവാഹത്തെ അഭേദ്യമായി സംരക്ഷിക്കാനുള്ള കടമ അവർക്കുണ്ട്.

ഫലദായകത്വം വിവാഹത്തിന്റെ നന്മയും ദാനവും ലക്ഷ്യവുമാണ്. ജീവൻ പകർന്നുകൊടുത്തുകൊണ്ടു ദമ്പതികൾ ദൈവത്തിന്റെ പിതൃത്വത്തിൽ പങ്കുചേരുന്നു. ജനനക്രമീകരണം ഉത്തരവാദിത്വമുള്ള പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ഘടകമാണ്. എന്നാൽ ദമ്പതികളുടെ ന്യായമായ ഉദ്ദേശ്യങ്ങൾ അധാർമ്മികമായ മാർഗങ്ങളുടെ (ഉദാ: വന്ധ്യംകരണം, ഗർഭനിരോധനം) ഉപയോഗത്തെ നീതീകരിക്കുന്നില്ല.

വ്യഭിചാരം, വിവാഹമോചനം, ബഹുഭാര്യത്വം, സ്വേച്ഛാസംഗമം എന്നിവ വിവാഹത്തിന്റെ മാഹാത്മ്യത്തിനെതിരെയുള്ള ഗൗരവപൂർണ്ണമായ തെറ്റുകളാണ്.

**ഏഴാം പ്രമാണം :** 'നീ മോഷ്ടിക്കരുത്.' ഭൗതികവസ്തുക്കളുടെയും മനുഷ്യപ്രയത്നത്തിന്റെ ഫലങ്ങളുടെയും, വിനിയോഗത്തിൽ നീതിയും സ്നേഹവും പ്രാവർത്തികമാക്കണമെന്ന് ഏഴാം കല്പന നിർദ്ദേശിക്കുന്നു.

ഏഴാം കല്പന മോഷണത്തെ നിരോധിക്കുന്നു. മറ്റൊരാളുടെ വസ്തുക്കളെ ഉടമസ്ഥന്റെ ഹിതത്തിനെതിരെ പിടിച്ചെടുക്കുന്നതാണു മോഷണം. മറ്റൊരുവസ്തു നീതിരഹിതമായി എടുക്കുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതു ഏഴാം കല്പനയ്ക്കു വിരുദ്ധമാണ്. ചെയ്യപ്പെടുന്ന അനീതി നഷ്ടപരിഹാരം ആവശ്യപ്പെടുന്നു. മോഷ്ടിക്കപ്പെട്ട വസ്തുക്കൾ തിരിച്ചു കൊടുക്കേണ്ടതാണ്.

മൃഗങ്ങൾ മനുഷ്യന്റെ കാര്യസ്ഥതയ്ക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. അവൻ അവയോടു കാരുണ്യം പ്രവർത്തിക്കണം. മനുഷ്യന്റെ ആവശ്യങ്ങളുടെ നീതിപൂർവകമായ തൃപ്തിപ്പെടുത്തലിന് അവയെ ഉപയോഗിക്കാം.

മനുഷ്യൻ തന്റെ തൊഴിൽ വഴി സൃഷ്ടി കർമ്മത്തിൽ പങ്കുപറ്റുന്നു. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ ചെയ്യപ്പെടുന്ന തൊഴിൽ രക്ഷാകരമാകും.

പാവപ്പെട്ടവർക്കുള്ള ധർമ്മദാനം ക്രൈസ്തവ ഉപവിക്കുള്ള സാക്ഷ്യമാണ്. അതു ദൈവത്തിനു പ്രീതികരമായ നീതിയുടെ പ്രവൃത്തി കൂടിയാണ്. ഭക്ഷണവും വീടും സ്ഥലവുമില്ലാത്ത മനുഷ്യജീവികളിൽ ഉപമയിലെ വിശന്നു വലയുന്ന ഭിക്ഷുവായ ലാസറിനെ കാണുക. "എനിക്കു തന്നെയാണു ചെയ്യാതിരുന്നത്" (മത്താ 25:45) എന്നു പറയുന്ന യേശുവിനെ എങ്ങനെ കേൾക്കാതിരിക്കും.

**എട്ടാം പ്രമാണം :** 'നീ നിന്റെ അയൽക്കാരനെതിരെ കള്ളസാക്ഷ്യം നൽകരുത്' (പുറ. 20:15).

ഒരുവൻ തന്റെ പ്രവൃത്തികളിലും വാക്കുകളിലും സത്യസന്ധത പ്രകടിപ്പിക്കുവാൻ കടപ്പെട്ടവനാണ്. ക്രൈസ്തവൻ പ്രവൃത്തിയിലും വാക്കിലും ''നമ്മുടെ കർത്താവിനു സാക്ഷ്യം വഹിക്കുന്നതിൽ ലജ്ജിക്കുവാൻ" (2 തിമോ 1:8) പാടില്ല. രക്തസാക്ഷിത്വം വിശ്വാസത്തിന്റെ സത്യത്തിനു നൽകപ്പെടുന്ന പരമസാക്ഷ്യമാണ്.

വ്യക്തികളുടെ സൽപേരിനോട് ബഹുമാനമുള്ളവരാകണം. വാക്കിലോ മനോഭാവത്തിലോ ഉള്ള സകല അപകീർത്തിപ്പെടുത്തലിനേയും ഏഷണിയേയും എട്ടാം പ്രമാണം നിരോധിക്കുന്നു. നുണ പറയൽ അയൽക്കാ

രനെ വഞ്ചിക്കണമെന്ന ഉദ്ദേശ്യത്തോടെയാണെങ്കിൽ പാപമാണ്. സത്യത്തിനു വിരുദ്ധമായി ചെയ്യപ്പെട്ട ദ്രോഹത്തിനു നഷ്ടപരിഹാരം ചെയ്യണം.

കുമ്പസാര രഹസ്യം അലംഘ്യമാണ്. ഔദ്യോഗിക രഹസ്യങ്ങൾ സൂക്ഷിക്കപ്പെടണം. രഹസ്യ വിവരങ്ങൾ മറ്റൊരാൾക്കു ഹാനികരമെങ്കിൽ വെളിപ്പെടുത്തുവാൻ പാടില്ല.

സത്യത്തിലും സ്വാതന്ത്ര്യത്തിലും നീതിയിലും അധിഷ്ഠിതമായ വിവരങ്ങൾ ലഭിക്കാൻ സമൂഹത്തിന് അവകാശമുണ്ട്.

മാന്യമായി സംസാരിക്കണമെന്ന് എട്ടാം പ്രമാണം നമ്മോടുപദേശിക്കുന്നു. ആരെയും വ്രണപ്പെടുത്തുന്ന വാക്കുകൾ ഉപയോഗിക്കാതിരിക്കുക. അസഭ്യം പുലമ്പുന്നത് ഒട്ടും തന്നെ സ്വീകാര്യമല്ല. അതു ആത്മാഭിമാനത്തെ ക്ഷതപ്പെടുത്തുന്ന പ്രവൃത്തിയാണ്. ഒരു സംഭവം വിവരിക്കട്ടെ. ഒരു വൃദ്ധൻ മാനഭംഗത്താൽ വ്രണിതമായ കാര്യമാണ്. ഒരു രാത്രി ആ വൃദ്ധനുൾപ്പെടെ കുടുംബാംഗങ്ങൾ കൊന്ത ജപിക്കുകയായിരുന്നു. അതിനിടെ കാരണവർ മുറ്റത്തേക്കിറങ്ങി. തിരിച്ചുവരാൻ വൈകുന്നതു കണ്ട് അദ്ദേഹത്തിന്റെ മകൻ മുറ്റത്തിറങ്ങി നോക്കി. അപ്പോൾ കണ്ട കാഴ്ച ഭീതിജനകമായിരുന്നു. കാരണവർ കിണറിനരികെ ഒരു വൃക്ഷത്തിന്റെ കൊമ്പിൽ ഉടുതുണി കെട്ടി തൂങ്ങാൻ ഒരുങ്ങുന്നതു കണ്ടു. അവൻ ഓടിച്ചെന്നു തന്റെ കരങ്ങൾകൊണ്ട് അപ്പനെ പൊക്കി ഒച്ചയെടുത്തു. അയൽവാസികളെത്തി വൃദ്ധനെ രക്ഷിച്ചു. അന്നേ ദിവസം മരുമകൾ കാരണവരോട് അസഭ്യം പറഞ്ഞിരുന്നു. തന്മൂലമുണ്ടായ അഭിമാനക്ഷതംകൊണ്ടാണ് അയാൾ ആത്മ

ഹത്യക്ക് മുതിർന്നത്. കാരണവർ എന്നോട് വെളിപ്പെടുത്തിയതാണിത്. "സങ്കടപ്പെടുന്നു അച്ചാ, ഇനി അങ്ങനെയുണ്ടാകയില്ല" എന്ന് എന്നോടു വാഗ്ദാനം ചെയ്തു.

**ഒമ്പതാം പ്രമാണം :** "ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവളുമായി വ്യഭിചാരം ചെയ്തു കഴിഞ്ഞു" (മത്താ. 5:28). ഒമ്പതാം പ്രമാണം, ജഡികാസക്തിക്ക് എതിരെ ജാഗ്രത ഉണർത്തുന്നു. ഹൃദയ ശുദ്ധീകരണവും സംയമനവും പുലർത്തുക ആവശ്യമാണ്. ഹൃദയശുദ്ധി ദൈവത്തെ കാണാൻ നമ്മെ കഴിവുള്ളവരാക്കുന്നു.

**പത്താം പ്രമാണം :** "നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും" (മത്താ. 6:21). സമ്പത്തിനും അതിന്മേലുള്ള അധികാരത്തിനും വേണ്ടിയുള്ള ആസക്തി ഈ കല്പന വിലക്കുന്നു.

അസൂയ എന്നതു മറ്റുള്ളവരുടെ വസ്തുക്കൾ കാണുമ്പോഴുണ്ടാകുന്ന ദുഃഖവും അവയെ സ്വന്തമാക്കാനുള്ള ക്രമരഹിതമായ ആഗ്രഹവുമാണ്. അത് ഒരു മൗലിക പാപമാണ്. പരോപകാര തത്പരത, വിനയം, ദൈവപരിപാലനയിൽ ആശ്രയിക്കൽ എന്നിവയിലൂടെ അസൂയയെ അകറ്റാനൊക്കും.

'പ്രമാണങ്ങളിലൂടെ യഥാർത്ഥ ജ്ഞാനിയാകണ' മെന്നു സങ്കീർത്തകൻ പറയുന്നു. "കർത്താവേ, അങ്ങയുടെ കല്പനകൾ എന്നെ എന്റെ ശത്രുക്കളെക്കാൾ ജ്ഞാനിയാക്കുന്നു. എന്തെന്നാൽ, അവ എപ്പോഴും എന്നോടൊത്തുണ്ട്. എന്റെ എല്ലാ ഗുരുക്കന്മാരെയുംകാൾ എനിക്ക് അറിവുണ്ട്. എന്തെന്നാൽ അങ്ങയുടെ കല്പനകളെപ്പറ്റി

ഞാൻ ധ്യാനിക്കുന്നു. വൃദ്ധന്മാരെക്കാൾ എനിക്ക് അറിവുണ്ട്. എന്തെന്നാൽ, അങ്ങയുടെ പ്രമാണങ്ങൾ ഞാൻ പാലിക്കുന്നു. അങ്ങയുടെ വചനം പാലിക്കാൻവേണ്ടി ഞാൻ സകല ദുർമ്മാർഗങ്ങളിൽ നിന്ന് എന്റെ പാദങ്ങൾ പിൻവലിക്കുന്നു" (119:98-101).

**സംഗ്രഹം**

പ്രമാണങ്ങളെ ദൈവത്തെ സംബന്ധിക്കുന്നതും മനുഷ്യരെ സംബന്ധിക്കുന്നതും എന്നിങ്ങനെ രണ്ടു ഗണത്തിൽപ്പെടുത്താം. ദൈവത്തിന്റെ മഹത്വമാണു മുഖ്യമായി നമ്മൾ അന്വേഷിക്കേണ്ടത്. ഇതിനു പുറമെ മനുഷ്യന്റെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നു നമ്മുടെ മതം അനുശാസിക്കുന്നു. നമ്മെ സംബന്ധിച്ചു പ്രമാണങ്ങളുടെ സ്ഥാനം തീർച്ചയാക്കപ്പെട്ടതാണ്. യേശു അരുളിച്ചെയ്തു. "എന്റെ കല്പനകൾ സ്വീകരിക്കുകയും അവ പാലിക്കുകയും ചെയ്യുന്നവനാണ് എന്നെ സ്നേഹിക്കുന്നത്. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവും സ്നേഹിക്കും. ഞാനും അവനെ സ്നേഹിക്കുകയും എന്നെ അവനു വെളിപ്പെടുത്തുകയും ചെയ്യും" (യോഹ 15:10).

അദ്ധ്യായം 3

# തിരുസ്സഭയുടെ കല്പനകൾ

(ചെറിയ വേദോപദേശ പുസ്തകത്തിൽ നിന്ന്)

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബാനയിൽ പങ്കുകൊള്ളാൻ വിശ്വാസികൾ കടപ്പെട്ടവരാണ്. മനഃപൂർവ്വം ഇക്കാര്യത്തിൽ ഉപേക്ഷ കാണിക്കാൻ പാടില്ല.

2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്ത് പരിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ചെയ്യണം. അമ്പതു നോമ്പാരംഭത്തിനും ത്രിത്വത്തിന്റെ ഞായറാഴ്ചയുടെ തലേദിവസത്തിനും ഇടയ്ക്ക് എന്നെങ്കിലും നിറവേറ്റിയാൽ മതി. ഈ കുർബാനസ്വീകരണം സാധാരണ സ്വന്തം ഇടവകയിലാണു നടത്തേണ്ടത്.

3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.

4. വിലക്കപ്പെട്ട കാലത്ത് വിവാഹം ആഘോഷിക്കുകയോ തിരുസ്സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്. ആഗമാനകാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ കർത്താവിന്റെ പിറവി വരെയും, വലിയ നോമ്പിലെ ഒന്നാം ആഴ്ചമുതൽ ഉയിർപ്പ് ഞായറാഴ്ച വരെയുമാണു വിവാഹാഘോഷങ്ങൾ മുടക്കിയിരിക്കുന്നത്.

5. ദേവാലയത്തിനും ദൈവശുശ്രൂഷകൾക്കും വൈദികമേലദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മറ്റ് ഓഹരികളും കൊടുക്കണം.

അദ്ധ്യായം 4

# പാപമെന്നാലെന്ത്?

ദൈവത്തിനെതിരായ കുറ്റകൃത്യമാണ് പാപം. മനുഷ്യകൂട്ടായ്മയിൽ നിന്ന് അതു നമ്മെ വിഛേദിക്കുന്നു. സുവിശേഷങ്ങളെ ആസ്പദമാക്കി കുറ്റകൃത്യങ്ങളെ മാരകപാപങ്ങളെന്നും അഥവാ ചാവുദോഷങ്ങളെന്നും ലഘുപാപങ്ങളെന്നും രണ്ടുഗണത്തിൽ പ്പെടുത്താം. ദൈവപ്രമാണങ്ങളും തിരുസ്സഭാ കല്പനകളും പൂർണ്ണ അറിവോടും സമ്മതത്തോടും കൂടി ഗുരുതരമായി ലംഘിക്കുന്നതു മാരകപാപമാണ്. എന്നാൽ ലഘുവായി ലംഘിക്കുന്നതോ അല്ലെങ്കിൽ പൂർണ്ണ അറിവും സമ്മതവും കൂടാതെ ലംഘിക്കുന്നതോ ലഘുപാപമാകും.

ചാവുദോഷം നീതിയുടെ പാതയിൽനിന്നു നമ്മെ വ്യതിചലിപ്പിക്കുന്നു. ബുദ്ധിയേയും മനസ്സിനേയും ഉൾപ്പെടുത്തി ദൈവത്തേയും സ്വർഗ്ഗീയ സൗഭാഗ്യത്തേയും തിരസ്കരിക്കുന്നു. ഇത്തരുണത്തിൽ കർത്താവിന്റെ താക്കീത് നമുക്ക് ഓർക്കാം. "എന്തെന്നാൽ ഉള്ളിൽ നിന്നാണു, മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണു, ദുശ്ചിന്ത, പരസംഗം, മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നും വരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു (മർക്കോ. 7:21-23). ആകയാൽ അനാശാസ്യങ്ങളായ ചിന്തകൾ ബോധത്തിൽ ഉദിച്ചാലും അവ ആവർത്തിച്ചുണ്ടായാലും മനസ്സുകൊണ്ടു സമ്മതി

ക്കാതിരിക്കുക. സമ്മതത്തോടെ നടക്കുന്ന പ്രമാണ ലംഘനങ്ങളേ പാപമാകൂ. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായെ മ്ലേഛമായ പരീക്ഷയിൽപ്പെടുത്താൻ പിശാചുക്കൾ പ്രയത്നിച്ചുകൊണ്ടിരുന്നു. അവളുടെ സമ്മതത്തിനു വേണ്ടിയാണ് അവർ കിണഞ്ഞു പരിശ്രമിച്ചത്. ഏകദേശം ഒരു മാസത്തേക്കു രാത്രികാലം മുഴുവൻ ശുദ്ധതയ്ക്കെതിരായ പാപം ചെയ്യാനുള്ള കഠിന പരീക്ഷകൾ അവളെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്.

## a. മാരകപാപങ്ങൾ

പാപം മാരകമാകണമെങ്കിൽ അഥവാ ചാവു ദോഷമാകണമെങ്കിൽ മൂന്നുവ്യവസ്ഥകൾ ഒന്നിച്ചു നിറവേറേണ്ടതാണ്. പാപത്തിന്റെ വിഷയം ഗൗരവമുള്ളതാകണം; അതെപ്പറ്റി പൂർണ്ണമായ അറിവുണ്ടാകണം; ബോധപൂർവ്വമായ സമ്മതത്തോടെ ചെയ്യുന്നതാകണം.

പാപങ്ങളുടെ ഗൗരവം കൂടിയും കുറഞ്ഞുമിരിക്കും. ഉദാഹരണത്തിനു കൊലപാതം മോഷണത്തെക്കാൾ ഗൗരവമുള്ളതാണെന്നതു വ്യക്തം. ദ്രോഹിക്കപ്പെടുന്ന വ്യക്തിയുടെ അവസ്ഥകൂടി പരിഗണിക്കപ്പെടേണ്ടതാണ്. മാതാപിതാക്കന്മാർക്കെതിരെയുള്ള കയ്യേറ്റം അന്യർക്കെതിരായതിനേക്കാൾ ഗൗരവമുള്ളതാണ്.

പാപം മാരകമാകുന്നതിന് പൂർണ്ണമായ അറിവോടും സമ്മതത്തോടും കൂടി ചെയ്തതാകണം. തന്റെ പ്രവൃത്തി ദൈവകല്പനക്കെതിരാണെന്നും അതിനാൽ പാപമാണെന്നുമുള്ള തിരിച്ചറിവുണ്ടായിരിക്കേണ്ടതാണ്. ഇതിനു പുറമെ സ്വന്ത ആലോചനയോടുകൂടിയ സമ്മതത്തോടെ ചെയ്തതാകണം. അനുഭൂതികളുടെയും വികാരങ്ങളുടെയും പ്രചോദനങ്ങൾകൊണ്ടു സംഭവിച്ചതായാൽ പാപ

കൃത്യത്തിന്റെ ഗൗരവം കുറഞ്ഞിരിക്കും. അതുപോലെ ബാഹ്യസമ്മർദ്ദങ്ങൾകൊണ്ടോ രോഗകാരണങ്ങൾകൊണ്ടോ ചെയ്താൽ ഗൗരവമായ പാപമാകയില്ല. ദുഷ്ടത നിമിത്തം മനപ്പൂർവ്വമായ തീരുമാനത്തിലൂടെ ചെയ്യപ്പെടുന്ന പാപ മാണ് ഏറ്റവും ഗൗരവമായത്.

ഇങ്ങനെ നോക്കുമ്പോൾ ചാവുദോഷം ഒരു തിര ഞ്ഞെടുപ്പാണെന്നും തന്റെതന്നെ ദുരാലോചനയുടെ ഫല മാണെന്നും പാപി മനസ്സിലാക്കേണ്ടതാണ്. നിത്യനാശമോ നിത്യസമ്മാനമോ എന്ന തിരഞ്ഞെടുപ്പിൽ ലൗകിക നേട്ട ങ്ങൾക്കായി അയാൾ തന്റെ ആത്മാവിനെ നശിപ്പിക്കുന്നു.

## b. ലഘുപാപങ്ങൾ

പൂർണ്ണമായ അറിവോ സമ്മതമോ കൂടാതെ പ്രമാ ണങ്ങളെ ലംഘിക്കുന്നതു ലഘുപാപമാകും. എന്നാലിതു ദൈവസ്നേഹത്തെ ദുർബലപ്പെടുത്തുന്നതാണ്. സൃഷ്ട വസ്തുക്കളോടു ക്രമരഹിതമായ താത്പര്യം ഉണർത്തു ന്നതാണ്. ദൈവതിരുമനസ്സ് പ്രാവർത്തികമാക്കാനോ അല്ലെങ്കിൽ പ്രമാണങ്ങൾ അനുസരിച്ച് ജീവിക്കാനോ വൈമനസ്യമുണ്ടാക്കും. എന്നുവരികിലും ദൈവത്തോ ടുള്ള സ്നേഹത്തെ വിഛേദിക്കുന്നില്ല.

അദ്ധ്യായം 5

# കുമ്പസാരം

മാമോദീസ മുങ്ങിയതിനുശേഷം ചെയ്തിട്ടുള്ള പാപങ്ങളെക്കുറിച്ചു മനസ്തപിക്കുകയും അവ കുമ്പസാരിക്കുകയും ചെയ്യുന്നവർക്കു പുരോഹിതന്റെ വിധിവാചകം മോചനമരുളുന്ന കൂദാശയാണു കുമ്പസാരം. ഈ ശുശ്രൂഷ സംബന്ധിച്ചു പശ്ചാത്താപം, ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളുണ്ട്. ഇവയിൽ പശ്ചാത്തപവും ഏറ്റുപറച്ചിലും കുമ്പസാരത്തിന്റെ അവശ്യഘടകങ്ങളാണ്. പ്രായശ്ചിത്തമാകട്ടെ കുമ്പസാരശുശ്രൂഷയെ പൂർത്തിയാക്കുന്ന ഭാഗവും.

## a. പശ്ചാത്താപം

മനുഷ്യൻ പാപം ചെയ്യുന്നതിന്റെ ഫലമായി ഹൃദയം കടുക്കുന്നു. പശ്ചാത്താപം പുറപ്പെടുവിക്കുന്ന സങ്കടത്താൽ ആ അവസ്ഥയ്ക്കു മാറ്റമുണ്ടാകും. വീണ്ടും പാപം ചെയ്യുകയില്ല എന്ന ദൃഢ നിശ്ചയത്തോടെ പാപത്തെ വെറുക്കുന്നു. മനസ്താപം അല്ലെങ്കിൽ പശ്ചാത്താപം യഥാർത്ഥമാകുന്നതിനു താഴെ പറയുന്ന കാര്യങ്ങൾ അതിലുണ്ടാകണം.

പശ്ചാത്താപം ബുദ്ധിയുടെയും മനസ്സിന്റെയും പ്രവൃത്തിയാണ്. ഒരു പാപി വികാരതരളിതനാകുമെങ്കിലും അതു പശ്ചാത്താപമാകണമെന്നില്ല. പാപം തെറ്റാണെന്നു ബുദ്ധി വിലയിരുത്തി മനസ്സുകൊണ്ട് എതിർക്കണം.

അങ്ങനെ പശ്ചാത്താപം ബുദ്ധിയുടെയും മനസ്സിന്റെയും പ്രവർത്തനംകൊണ്ട് സംജാതമാകുന്നു.

പാപികളെ തേടിവരുന്ന ദൈവമാണു നമുക്കുള്ളത്. ധൂർത്തപുത്രന്റെ ഉപമ ഇക്കാര്യം സ്പഷ്ടമാക്കുന്നുണ്ട്. കർത്താവ് എന്റെ പാപങ്ങൾക്കു മാപ്പുതരും എന്ന ബോധ്യത്തോടെ പശ്ചാത്തപിക്കുക. അതു ഫലം പുറപ്പെടുവിക്കും.

ചെയ്തുപോയ എല്ലാ തെറ്റുകൾക്കും പൊറുതി തരണമേ എന്നു പ്രാർത്ഥിക്കേണ്ടതാണ്. എല്ലാ ചാവുദോഷങ്ങളും കുമ്പസാരത്തിന്റെ കർമ്മസാധനത്തിൽപ്പെടുന്നു. മനസ്താപം കൂടാതെ ഒരു പാപവും മോചിക്കപ്പെടുകയില്ല. അതിനാൽ ഒരു പാപവും മാറ്റിവയ്ക്കാതെ എല്ലാ പാപങ്ങളെക്കുറിച്ചും മനസ്താപപ്പെടുക.

## b. പൂർണ മനസ്താപം

പശ്ചാത്താപത്തെ പൂർണ മനസ്താപമെന്നും അപൂർണ മനസ്താപമെന്നും തരം തിരിക്കാം. ദൈവത്തോടുള്ള സ്നേഹത്തെ പ്രതി പാപത്തെയും പാപസാഹചര്യങ്ങളെയും ഉപേക്ഷിക്കാൻ പാപി തയ്യാറാകുന്നു. ഇതാണ് പൂർണ്ണവും യഥാർത്ഥവുമായ മനസ്താപം. ദൈവത്തെ പരിത്യജിച്ചു സൃഷ്ടികളിലേക്കു തിരിഞ്ഞ അവസ്ഥയ്ക്കു വിരാമമിടുന്നു. തുടർന്ന് അനന്തസ്നേഹവും നന്മയുമായ ദൈവത്തിലേക്കു തിരിയുന്നു.

നമ്മൾ ചൊല്ലുന്ന 'മനസ്താപപ്രകരണം' പശ്ചാത്താപത്തിനുള്ള വരദാനമാണ്. 'എന്റെ ദൈവമേ, ഏറ്റം നല്ലവനും എല്ലാറ്റിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേയ്ക്കെതിരായി പാപം ചെയ്തു

പോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും, സ്വർഗ്ഗത്തെ നഷ്ടപ്പെടുത്തി നരകത്തിന് അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും മേലിൽ പാപം ചെയ്യുകയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ഏതെങ്കിലുമൊരു പാപം ചെയ്യുക എന്നതിനെക്കാൾ മരിക്കാനും ഞാൻ സന്നദ്ധനാ(സന്നദ്ധയാ)യിരിക്കുന്നു.' ഇതിന്റെ സംക്ഷിപ്ത പ്രകരണം കുറിക്കുന്നു. 'എന്റെ ദൈവമേ, അങ്ങു പരമനന്മയാണ്; പാപത്തെ വെറുക്കുന്നു. അതുകൊണ്ട് അങ്ങയെ ദ്രോഹിച്ചതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുന്നു. എന്റെ മനസ്താപത്തെ വർദ്ധിപ്പിക്കണമേ.'

ഉത്തമ മനസ്താപംകൊണ്ടു പാപകൃത്യങ്ങളിൽ നിന്നു മോചനം ലഭിക്കുമെങ്കിലും കുമ്പസാരത്തിലൂടെ മോചനം ലഭിക്കാതെ വിശുദ്ധ കുർബാന സ്വീകരിക്കാൻ പാടുള്ളതല്ല. ദിവ്യകാരുണ്യം യോഗ്യതയോടെ സ്വീകരിക്കുന്നതിനും ദുർവിനിയോഗം ഒഴിവാക്കുന്നതിനും ഇതാവശ്യമാണ്. സ്നേഹാധിഷ്ഠിതമായ മനസ്താപത്തിന്റെ ശക്തി നമ്മൾ മഗ്ദലനമറിയത്തിന്റെ മാനസാന്തരത്തിലൂടെ തെളിവായി കാണുന്നു. യേശു അരുളിച്ചെയ്തു. 'അവൾ അധികം സ്നേഹിച്ചതിനാൽ അവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു" (ലൂക്കാ 7:47).

## c. അപൂർണ്ണ മനസ്താപം

പൂർണ്ണമായ മനസ്താപത്തിൽ പാപം വർജ്ജിക്കാൻ പ്രേരിപ്പിക്കുന്ന ശക്തി ദൈവസ്നേഹവും ആത്മരക്ഷയെപ്പറ്റിയുള്ള ചിന്തയുമാണ്. എന്നാൽ പാപത്തെക്കുറിച്ചു മനസ്തപിക്കാൻ പ്രേരിപ്പിക്കുന്ന മറ്റു കാരണങ്ങളുണ്ടെന്നോർക്കുക. പാപത്തോടുള്ള വെറുപ്പും ദൈവം നഷ്ടപ്പെടുമോ എന്ന ഉൽക്കണ്ഠയും നരകശിക്ഷയെക്കുറിച്ചുള്ള ഭയവും പാപിയെ ബാധിക്കാവുന്നതാണ്. അപ്പോൾ പാപത്തെ തള്ളിപ്പറയാൻ തയ്യാറാകും. ചിലപ്പോഴൊക്കെ ഈ അവസ്ഥയാണു പാപിയുടെ മാനസാന്തരത്തിനു കാരണമാകുന്നത്. ഒരുപക്ഷെ ഇതാകും പാപപ്രേരണയെ അശക്തമാക്കുന്നത്. കുമ്പസാരം വാസ്തവമാകുന്നതിന് അപൂർണ്ണമനസ്താപം മതിയാകും. എന്നാൽ തന്നെയും വീണ്ടും പാപം ചെയ്യുകയില്ല എന്ന പ്രതിജ്ഞയുണ്ടാകണം.

## d. ഒരു മാനസിക പ്രശ്നം

ചിലർ ഇങ്ങനെ പരാതിപ്പെടാം. 'ഞാൻ പാപത്തെക്കുറിച്ച് അതിയായി ദുഃഖിക്കുന്നു. വീണ്ടും പാപം ചെയ്യുന്നതിന് എനിക്ക് ആഗ്രഹമില്ല. എന്നുവരികിലും എന്റെ പ്രതീക്ഷകൾ അതിവേഗം ഇല്ലാതെയാകുകയാണ്. വീണ്ടും പാപം ചെയ്യുകയില്ലെന്നു തീരുമാനിച്ചതാണെങ്കിലും പിടിച്ചുനിൽക്കുവാൻ സാധിക്കുന്നില്ല. ഞാൻ പാപത്തിൽ വീഴുന്നു. എന്നെ സംബന്ധിച്ചു പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞയുണ്ടായാലും കുമ്പസാരം വാസ്തവമാകുമോ?' തീർച്ചയായും വാസ്തവമാകും. തന്റെ മനസ്താപം വാസ്തവമാണെന്ന് അയാൾക്ക് അവകാശപ്പെടാവുന്നതാണ്.

കാരണം കുമ്പസാരിക്കുമ്പോൾ തുടർന്നു പാപം ചെയ്യുകയില്ലെന്ന് ആഗ്രഹിക്കുകയും തീരുമാനിക്കുകയും ചെയ്തതാണ്.

## e. പശ്ചാത്താപവും മനസ്സമാധാനവും

ഗാന്ധിജി 15-ാമത്തെ വയസ്സിൽ തന്റെ ഒരു സഹോദരന്റെ കൈയിൽ കെട്ടുന്ന സ്വർണ്ണച്ചെയിനിൽനിന്ന് അല്പം മുറിച്ചെടുത്തു. ചെറിയൊരു കടം വീട്ടാനാണ് ഈ അപഹരണം നടത്തിയത്. പക്ഷേ അദ്ദേഹത്തിന്റെ മനസ്സ് വേദനിക്കാൻ തുടങ്ങി. ഇനി ഒരിക്കലും മോഷ്ടിക്കുകയില്ലെന്നു തീരുമാനിച്ചെങ്കിലും മനസ്സ് ശാന്തമായില്ല. അച്ഛനോടു കുറ്റം ഏറ്റുപറയണമെന്നു നിശ്ചയിച്ചു. "പക്ഷേ, സംസാരിക്കാൻ ഞാൻ ധൈര്യപ്പെട്ടില്ല." ഗാന്ധിജി പറയുന്നു. "അച്ഛൻ എന്നെ അടിക്കുമെന്ന ഭയം കൊണ്ടല്ല. ഞങ്ങളെയാരെയും തല്ലുന്നതായി ഞാൻ കണ്ടിട്ടില്ല. അദ്ദേഹത്തിന് അനുഭവപ്പെടാവുന്ന വേദനയെപ്പറ്റിയാണ് ഭയപ്പെട്ടത്. ഏതായാലും പറയുകതന്നെയെന്നു തീരുമാനിച്ചു. ശുദ്ധമായ ഏറ്റുപറച്ചിൽ കൂടാതെ ശുദ്ധീകരണമുണ്ടാകുകയില്ലല്ലോ."

അദ്ദേഹം മോഷണക്കുറ്റം കടലാസിൽ എഴുതി പിതാവിനു സമർപ്പിച്ചു. കുറ്റം സമ്മതിക്കുകയും ഉചിതമായ ശിക്ഷ യാചിക്കുകയും ചെയ്തിരുന്നു. ഇനി ഒരിക്കലും മോഷ്ടിക്കുകയില്ലെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. കടലാസ്സ് കൊടുക്കുമ്പോൾ കരങ്ങൾ വിറയ്ക്കുന്നുണ്ടായിരുന്നു. "അദ്ദേഹം കത്തുവായിച്ചു." ഗാന്ധി എഴുതുന്നു. "കവിൾത്തടത്തിലൂടെ കണ്ണീരൊഴുക്കി" കടലാസ് നനഞ്ഞു. അല്പനേരം അദ്ദേഹം കണ്ണുകൾ അടച്ചുപിടിച്ചു. എന്നിട്ട് ആ കടലാസു കീറി. കിടക്കയിൽ എഴുന്നേറ്റിരുന്നാണു

വായിച്ചത്. വീണ്ടും കിടന്നു. ഞാനും കരഞ്ഞു. എന്റെ പിതാവിന്റെ ഹൃദയവേദന എനിക്കു കാണാമായിരുന്നു. ഞാനൊരു ചിത്രമെഴുത്തുകാരനായിരുന്നെങ്കിൽ ഈ രംഗം മുഴുവനും ഞാൻ വരച്ചേനെ. ഇപ്പോഴും എന്റെ ഹൃദയത്തിൽ അന്നത്തെ സംഭവം സ്പഷ്ടമാണ്. സ്നേഹത്തിന്റെ കണ്ണീർ കണങ്ങൾ എന്റെ ഹൃദയത്തെ ശുദ്ധമാക്കി പാപത്തെ കഴുകിക്കളഞ്ഞു."

ജീവിതത്തിൽ കുറ്റങ്ങളും തെറ്റുകളും സംഭവിക്കുമെന്നതു തീർച്ചയാണ്. ഗാന്ധിജി ഇതിന് അപവാദമല്ല. എന്നാൽ അദ്ദേഹം തെറ്റുതിരുത്തി ജീവിതം നയിച്ചു എന്നതു പ്രസ്താവയോഗ്യമാണ്. ദൈവത്തോടു മാപ്പു ചോദിച്ചു തെറ്റുതിരുത്തി ജീവിക്കുക - കുമ്പസാരം നമ്മെ അതിനു പ്രാപ്തരാക്കുന്നു.

## f. വെടിക്കാരന്റെ മാനസാന്തരം

ഒരിടവകയിൽ ഒരു വെടിക്കാരൻ ഉണ്ടായിരുന്നു. അയാളാണ് പ്രേതസംസ്കാരത്തിനു കുഴിവെട്ടിയിരുന്നതും പള്ളി പെരുന്നാളുകൾക്കു കതിന നിറച്ച് പൊട്ടിച്ചിരുന്നതും.

പള്ളിയിലെ പ്രധാനപ്പെട്ട പെരുന്നാളിന് വളരെ കതിനകൾ നിറയ്ക്കണം. അയാൾ ഒരു യുവാവിന്റെ സഹായത്തോടെ കതിന നിറച്ചു കൊണ്ടിരുന്നു. കുറെ നിറച്ച്, അവ അടുപ്പിച്ചു വച്ചു. തുടർന്ന് ഒരു കതിന നിറയ്ക്കുമ്പോൾ തീപ്പൊരി പാറി നിറച്ചിട്ടിരുന്ന കതിനകളിൽ ചെന്നുവീണു. അവ മുഴുവനും പൊട്ടിത്തെറിച്ചു. വെടിക്കാരൻ യുവാവിനെ കെട്ടിപ്പിടിച്ച് അവന്റെ പുറത്തു കിടന്നതിനാൽ അവനു കാര്യമായ പൊള്ളലുണ്ടായില്ല. എന്നാൽ വെടിക്കാരനു നന്നായി പൊള്ളലേറ്റു. വികാരിയച്ചൻ പിറ്റെ ദിവസം അയാളെ

ആശുപത്രിയിൽ ചെന്നുകണ്ടു. അയാൾ സങ്കടത്തോടെ പറഞ്ഞു. "ഞാൻ മനസ്തപിക്കുന്നു, അച്ചാ. എനിക്കിത് സംഭവിച്ചില്ലായിരുന്നെങ്കിൽ ഞാനും എന്റെ കുടുംബവും നശിച്ചേനെ." ഇങ്ങനെ പറയാനുള്ള കാരണം വിവരിക്കട്ടെ.

വെടിക്കാരന്റെ സഹോദരിയെ വേളി കഴിപ്പിച്ചു കൊടുത്തിരുന്നു. ഭർത്താവ് അവളെ നിന്ദിക്കുകയും അടിക്കുകയും ചെയ്യുന്നതറിഞ്ഞു വെടിക്കാരൻ രോഷാകുലനായി അളിയനെ നശിപ്പിക്കാൻ തീരുമാനിച്ചു. അളിയൻ ജോലി കഴിഞ്ഞു വീട്ടിലേക്കു മടങ്ങുന്ന വഴിയിൽ കാത്തിരുന്നു. എന്നാൽ അയാൾ ഇതറിയാതെ തന്നെ മറ്റൊരു വഴിയിലൂടെയാണു മടങ്ങിയത്. പൊള്ളലേറ്റതു കാരണം വെടിക്കാരനു തുടർന്നു വധം നടപ്പാക്കാൻ കഴിഞ്ഞില്ല. അതു കാരണം ഇരുവരും അവരെ കാത്തിരുന്ന ദുർവിധിയിൽപ്പെട്ടില്ല.

ഇതൊരു വാസ്തവ സംഭവമാണ്. ഒരു യാഥാർത്ഥ്യം വെളിവാക്കാനാണ് വിവരിച്ചത്. പാപിക്കു മാനസാന്തരമുണ്ടാകാൻ അപകടത്തിൽപ്പെടുന്നതിനു ദൈവം അനുവദിക്കുന്നു. യഥാർത്ഥമായ പശ്ചാത്താപത്തിന് അതു കളമൊരുക്കുന്നു. വെടിക്കാരൻ അതു തിരിച്ചറിഞ്ഞു; 'ധൂർത്തപുത്രന്റെ ഉപമയിൽ' പറയുന്നതുപോലെ 'അയാൾക്കു സുബോധമുണ്ടായി.' ദൈവം മനുഷ്യനെ നശിപ്പിക്കാനായി ശിക്ഷിക്കുന്നില്ല. മറിച്ചു രക്ഷിക്കാനായി ശിക്ഷണം നൽകുന്നുണ്ട്.

## g. നീട്ടിവയ്ക്കാൻ പാടില്ല

ഒരു പുരോഹിതൻ "ഇപ്പോഴാണു സ്വീകാര്യമായ സമയം, ഇപ്പോഴാണു രക്ഷയുടെ ദിവസം" എന്ന സുവിശേഷത്തെക്കുറിച്ച് പ്രസംഗം തയ്യാറാക്കുകയായിരുന്നു.

തുടർന്ന് അദ്ദേഹം നല്ല ഉറക്കത്തിലായി. അപ്പോൾ അദ്ദേഹം ഒരു സ്വപ്നം കണ്ടു: ഞാൻ നരകത്തിലേക്കു കൊണ്ടു പോകപ്പെട്ടു. ഒരു ഗണം പിശാചുക്കളുടെ കൂടെ ഇരുന്നു. അപ്പോൾ അവർ മനുഷ്യാത്മാക്കളെ എങ്ങനെ അപഹ രിക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുകയായിരുന്നു.

ഒരു പിശാച് പറഞ്ഞു. "ഞാൻ ഭൂമിയിലെത്തി ആളു കളോടു ബൈബിൾ ഒരു കെട്ടുകഥയാണെന്നറിയിക്കും."

"ഇല്ല. അതുകൊണ്ടു പ്രയോജനമില്ല." അദ്ധ്യക്ഷൻ അഭിപ്രായപ്പെട്ടു.

"എന്നെ നിയോഗിക്കുക" മറ്റൊരുവൻ ശ്രദ്ധ ക്ഷണ ചിച്ചു "ഞാൻ ആളുകളെ ദൈവമില്ലെന്നും രക്ഷകനില്ലെ ന്നും സ്വർഗ്ഗമില്ലെന്നും നരകമില്ലെന്നും പഠിപ്പിക്കും." "ഇല്ല ആളുകൾ അതൊന്നും വിശ്വസിക്കുകയില്ല." അദ്ധ്യക്ഷൻ പ്രസ്താവിച്ചു.

"ഞാൻ ഭൂമിയിലേക്കു പോകാം." വൃദ്ധനായ ഒരു പിശാച് എഴുന്നേറ്റു പറഞ്ഞു. "ഞാൻ മനുഷ്യരോടു ദൈവവും രക്ഷകനും സ്വർഗ്ഗവും ഭൂമിയിലുണ്ടെന്നു പഠി പ്പിക്കും. തുടർന്നു ഞാൻ ധൃതി കൂട്ടേണ്ടാ, വളരെ സമയ മുണ്ട് എന്നുപദേശിക്കും."

ദുഷ്ടാരൂപികൾ അയാളെ ഭൂമിയിലേക്കയച്ചു. മാന സ്സാന്തരം നീട്ടിവയ്ക്കുക എന്ന ഭോഷത്വം ബാധിക്കാതിരി ക്കാൻ സൂക്ഷിക്കണമെന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു. ഒട്ടും വൈകാതെ മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയുന്നതിനു നമ്മൾ സന്നദ്ധരാകണം. നാളെയാകട്ടെ, എന്നു വിചാരിക്കുന്നതു പരമാബദ്ധമാണ്. കാരണം നാളെ ജീവിക്കുമോ എന്നു നമുക്കറിഞ്ഞുകൂടാ.

അദ്ധ്യായം 6

# വ്യാജമായ കുമ്പസാരം

കുമ്പസാരമെന്ന കൂദാശ പ്രായശ്ചിത്താനുഷ്ഠാനമാണ്; എളിമപ്പെടലുമാണ്. എന്നാൽ ഇതൊരു ഭാരമാണെന്ന് ആർക്കും തോന്നാതിരിക്കട്ടെ. തന്റെ അജഗണത്തിനു ഭാരമാകുന്നതൊന്നും മിശിഹാ തമ്പുരാൻ നിശ്ചയിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം.

മാമോദീസ സ്വീകരിച്ചതിനുശേഷം ചെയ്യുന്ന എല്ലാ ചാവുദോഷങ്ങളും, കുമ്പസാരിക്കുമ്പോൾ വ്യക്തമായി ഏറ്റുപറയുവാൻ നമ്മൾ കടപ്പെട്ടവരാണ്. എന്നുവരികിലും പാപമോചനം സമ്പാദിക്കാൻ അത്യാവശ്യ സന്ദർഭങ്ങളിൽ പാപങ്ങളെക്കുറിച്ച് പൊതുവായി മനസ്തപിച്ചാൽ മതിയാകും. കഠിനരോഗത്താൽ കഴിയുന്ന ഒരാൾ തന്റെ പാപങ്ങൾ വിശദമായി ഏറ്റുപറയുവാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലായിരിക്കുമല്ലോ. പാപത്തെക്കുറിച്ച് അയാൾ പശ്ചാത്തപിക്കുന്നു എന്നു കാണുന്നപക്ഷം വൈദികനു പാപമോചനം നൽകാം. എന്നാൽ അയാൾ രോഗത്തിൽ നിന്നു വിമുക്തിനേടിക്കഴിയുമ്പോൾ ചാവുദോഷങ്ങളുടെ എണ്ണവും തരംതിരിവും ഏറ്റുപറഞ്ഞു കുമ്പസാരിക്കേണ്ടതാണ്.

ഒരിക്കൽ കുമ്പസാരിച്ചപ്പോൾ പറയുവാൻ വിട്ടുപോയ ഒന്നോ അതിൽ കൂടുതലോ ചാവുദോഷങ്ങൾ അടുത്ത കുമ്പസാരത്തിൽ ഓർക്കുന്ന പക്ഷം വെളിപ്പെടുത്തേണ്ടതാണ്. അടുത്ത കുമ്പസാരം വരെ പരിശുദ്ധ

കുർബാന സ്വീകരിക്കാം. മറന്നുപോയ പാപങ്ങൾ പറയാൻവേണ്ടി മാത്രം ധൃതികൂട്ടി കുമ്പസാരിക്കാൻ പോകണമെന്നില്ല. എല്ലാ പാപങ്ങളെയും മനസ്താപത്തിന്റെ പരിധിയിൽപ്പെടുത്തുന്നതുകൊണ്ട്, കുമ്പസാരത്തിൽ പറയുവാൻ വിട്ടുപോയ പാപങ്ങൾക്കുകൂടി അയാൾക്ക് മോചനം ലഭിക്കുന്നുണ്ട്. പക്ഷേ, മറന്നുപോയ പാപം നേരിട്ടു മോചിക്കപ്പെടുന്നതിന് അടുത്ത കുമ്പസാരത്തിൽ ഓർക്കുന്ന പക്ഷം വെളിപ്പെടുത്താനുള്ള ചുമതല അവശേഷിക്കുന്നുവെന്നേയുള്ളൂ.

നീതിമാനായ വിധിയാളാനാണു സർവശക്തനായ ദൈവമെന്ന് നമുക്കറിയാം. പാപസങ്കീർത്തനത്തിൽ അവിടുത്തെ ഈ ഗുണവിശേഷമാണ് കാണേണ്ടത്. അവിടുന്നു നമ്മിൽനിന്നു പ്രതീക്ഷിക്കുന്നതും നമ്മോടാവശ്യപ്പെടുന്നതും നമ്മുടെ കഴിവനുസരിച്ചു നല്ല കുമ്പസാരം നടത്തി സംശുദ്ധരാകണമെന്നാണ്. അതുകൊണ്ട് പരമാർത്ഥമായി ഒരിക്കൽ ഏറ്റുപറഞ്ഞ പാപങ്ങളുടെ മോചനത്തെപ്പറ്റി ഒട്ടുംതന്നെ സംശയിക്കേണ്ട ആവശ്യമില്ല. സംശയിക്കുന്നത് ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെ ചോദ്യം ചെയ്യുന്നതിനു തുല്യമാകും.

ഭക്തിപൂർവ്വം നടത്തുന്ന കുമ്പസാരം വാസ്തവമായിരിക്കും. മനപ്പൂർവ്വം, മനസ്സറിഞ്ഞുകൊണ്ട് ചാവുദോഷങ്ങൾ വെളിപ്പെടുത്താത്തപ്പോഴാണ് പാപോച്ചാരണം യഥാർത്ഥമല്ലാതാകുക. ശുദ്ധഹൃദയത്തോടെ ദൈവത്തെ സമീപിക്കുന്നില്ലെങ്കിൽ, അവിടത്തെ പാപമോചനക്കോടതിയിൽനിന്നു ശുദ്ധമായി വിരമിക്കുവാൻ സാധിക്കുമോ? ഇല്ല. കള്ളക്കുമ്പസാരംകൊണ്ട് ഒരാൾ അത്യന്തം ശോച്യാവസ്ഥയിലേക്കാണു വീഴുക. കുമ്പസാരത്തിൽ പറഞ്ഞ

പാപങ്ങൾക്ക് മോചനം കിട്ടുകയില്ല. കൂടാതെ അയാൾ ദൈവദോഷത്തിൽ വീഴുന്നു.

ഒരിക്കൽ വ്യാജമായി നടത്തിയ പാപോച്ചാരണം തിരുത്താതെ തുടർന്നു നടത്തുന്ന എല്ലാ കുമ്പസാരവും ദിവ്യകാരുണ്യ സ്വീകരണവും ദൈവദോഷമാകും. ഇങ്ങനെ ഒന്നിനുമുകളിൽ ഒന്നായി പാപം കുന്നുകൂടി സദാനേരവും മനസ്സാക്ഷിയെ വീർപ്പുമുട്ടിക്കുമെന്നുള്ളതു തീർച്ചയാണ്. അതിനാൽ ഭയമോ ലജ്ജയോ ഫലപ്രദമായ കുമ്പസാരത്തിന് തടസ്സമാകരുത്.

അദ്ധ്യായം 7

# കുമ്പാസരത്തിന്റെ ഫലങ്ങൾ

വേദപാരംഗതയായ വിശുദ്ധ അമ്മത്രേസ്യ രചിച്ച വിശിഷ്ടഗ്രന്ഥമാണ് 'ആഭ്യന്തരഹർമ്മ്യ'മെന്നത്. മനുഷ്യാത്മാവിനെ ഏഴു സദനങ്ങളുള്ള ഹർമ്മ്യത്തോട് അതിൽ ഉപമിച്ചിരിക്കുന്നു. മാരകപാപം ആത്മാവിനെ ബാധിക്കുന്നതുമൂലം അതിനു സംഭവിക്കുന്ന വൈരൂപ്യം ഒന്നാം സദനത്തെപ്പറ്റി പ്രതിപാദിക്കുന്നിടത്തു പുണ്യവതി വിവരിച്ചിട്ടുണ്ട്.

കനത്തകൂരിരുട്ട്. ഇതിനേക്കാൾ കറുത്തിരുണ്ട ഒരു വസ്തു മറ്റൊരിടത്തും കാണുകയില്ല. ആത്മാവു ചാവുദോഷത്തിലായതുകൊണ്ട് സ്വർഗ്ഗീയമഹിമ സമ്പാദിക്കുവാൻ സൽപ്രവർത്തികളൊന്നും പര്യാപ്തമല്ല. ഗുരുതരമായ പാപംചെയ്യുന്ന ഒരാളുടെ ഉദ്ദേശ്യം ദൈവത്തെ പ്രസാദിപ്പിക്കലല്ല. പിശാചിനെ പ്രീണിപ്പിക്കലാണ്. പിശാച് അന്ധകാരം മാത്രമാകയാൽ അയാളുടെ ആത്മാവും ഇരുട്ടാകും. വെയിലത്തുവച്ചിരിക്കുന്ന ഒരു കണ്ണാടി കരിമ്പടംകൊണ്ടു മൂടിയാൽ, സൂര്യനു പ്രകാശമുണ്ടെങ്കിലും സൂര്യരശ്മികൾ അതിൽ പ്രതിഫലിക്കയില്ലല്ലൊ. സ്ഫടികത്തിന്മേൽ പിടിച്ചിരിക്കുന്നതു കീലു ആണെങ്കിൽ അതു സൂര്യപ്രകാശത്തെ തടഞ്ഞുവയ്ക്കും. ഇതുപോലെ ചാവുദോഷത്താൽ കറുത്തിരുണ്ട ആത്മാവിൽ പ്രസാദവരമാകുന്ന പ്രകാശം പ്രവേശിക്കുകയില്ല. പാപത്തെ നശിപ്പിക്കാൻ സ്ഥാപിക്കപ്പെട്ട കുമ്പസാരം ഈ വിപത്തുകളെല്ലാം നീക്കി ആത്മാവിൽ വര പ്രസാദം ചൊരിയുന്നു. ദൈവി

കപുണ്യങ്ങളും പരിശുദ്ധാത്മാവിന്റെ ദാനങ്ങളും തോഴികളെപ്പോലെ അതിനെ പിന്തുടരുകയും ചെയ്യും. കുമ്പസാരം പാപത്തിന്റെ പരിശിഷ്ടങ്ങൾ ബലഹീനമാക്കുകയും അസ്തമിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ പ്രലോഭനങ്ങളെ ജയിക്കാനും ഭാവിവീഴ്ചകൾ തടയാനും കുമ്പസാരത്തിലെ വരപ്രസാദമാണ് സഹായിക്കുക.

പ്രസാദവരത്തിലായിരിക്കുമ്പോൾ നാം ചെയ്യുന്ന എല്ലാ സൽപ്രവൃത്തികളും സ്വർഗ്ഗത്തിൽ നമുക്കു സമ്മാനം നേടിത്തരും. എന്നാൽ നാം മാരകപാപാവസ്ഥയിലാണെങ്കിൽ അവയൊക്കെ ആത്മരക്ഷയ്ക്ക് ഉപകരിക്കുകയില്ല. കഷ്ടപ്പെട്ടു സമ്പാദിച്ച യോഗ്യതകൾ, സ്വർഗ്ഗത്തിലേക്കായി നേടിയ സമ്പാദ്യങ്ങൾ ചാവുദോഷംകൊണ്ട് നശിപ്പിച്ചുകളയുക വലിയ മൗഢ്യമാണ്. ഇതു സംഭവിക്കാതിരിക്കട്ടെ. എന്നാൽ ഇങ്ങനെയൊരു വിന വന്നുകൂടിയാൽത്തന്നെയും നിരാശപ്പെടാതിരിക്കുക. ചാവുദോഷംമൂലം നഷ്ടപ്പെട്ട മുൻ സൽപ്രവൃത്തികളെ ഈ കൂദാശ പുനരുജ്ജീവിപ്പിക്കുന്നതാണ്. ആത്മാവിൽനിന്നു പാപക്കറ നിർമ്മാർജ്ജനം ചെയ്യപ്പെടുമ്പോൾ അവൾ മുന്നേപ്പോലെ നിത്യജീവനുവേണ്ടി നിർമ്മലമായിത്തീരും.

പാപോച്ചാരണത്തിന്റെയും പാപമോചനത്തിന്റെയും പരിധിയിൽ എല്ലാ പാപങ്ങളും ഉൾപ്പെടുന്നതുകൊണ്ട് ലഘുവായ പാപങ്ങളും മോചിക്കപ്പെടുമെന്നു പറയേണ്ടതില്ല. എന്നാൽ കുമ്പസാരം കൂടാതെ അനുതാപത്താൽ അവയ്ക്കു പൊറുതി കിട്ടും. അതുപോലെ മറ്റു കൂദാശകളിലൂടെയും വിശിഷ്യാ രോഗീലേപനം, പരിശുദ്ധ കുർബാന എന്നീ കൂദാശകൾ സ്വീകരിക്കുമ്പോഴും ലഘുവായ പാപങ്ങൾ മോചിക്കപ്പെടുന്നതാണ്.

അദ്ധ്യായം 8

# സ്വർഗ്ഗകവാടം തുറക്കൽ

ആർക്കാണു മനുഷ്യരുടെ പാപങ്ങൾ മോചിക്കാൻ അധികാരമുള്ളത്? കത്തോലിക്ക പുരോഹിതൻ അതിനായി നിയുക്തനായ ആളാണെന്ന് നമുക്കറിയാം. മനുഷ്യരുടെ പാപങ്ങൾ മോചിക്കാൻ സഭയ്ക്കു നൽകപ്പെട്ട അധികാരം സഭയിലെ പുരോഹിതന്മാരിലൂടെയാണു നിർവ്വഹിക്കപ്പെടുന്നത്. തിരുപ്പട്ടം സ്വീകരിക്കുമ്പോൾ മനുഷ്യരുടെ പാപങ്ങൾ മോചിക്കാനുള്ള അധികാരം വൈദികനു നൽകപ്പെടുന്നു. പക്ഷേ, തന്റെ വൈദിക മേലദ്ധ്യക്ഷന്റെ അനുമതിയുണ്ടെങ്കിലേ ഈ അധികാരം വിനിയോഗിക്കാൻ പാടുള്ളൂ. ആണ്ടുതോറും അഥവാ ഒരു നിശ്ചിത കാലത്തിനുള്ളിൽ അതു നവീകരിക്കപ്പെടുന്നു. വൈദികരുടെ വാർഷികാവസരത്തിലാണു സാധാരണ രൂപതാദ്ധ്യക്ഷൻ അതു ചെയ്യുന്നത്, ഇതൊരു കവാടം തുറക്കലാണ്. ലണ്ടൻ നഗരത്തിലെ ഒരു ഇടവകയിൽ നടന്ന സംഭവം വിവരിക്കുന്നു.

1888 നവംബർ 3-ാം തീയതി. പ്രഭാതം മുതൽ വികാരിയച്ചൻ ജോലിത്തിരക്കിലായിരുന്നു. അന്നത്തെ കാനോനാ നമസ്കാരം പോലും ചൊല്ലുന്നതിനു സമയം കിട്ടിയില്ല. രാത്രി പത്തുമണി കഴിഞ്ഞിരുന്നു. പെട്ടെന്നു സന്ദർശനമുറിയിലെ മണി ധൃതിയിൽ അടിക്കുന്ന ശബ്ദം കേട്ടു. ആരോ ആസന്നമരണനായെന്നു വൈദികൻ ശങ്കിച്ചു. അദ്ദേഹം വാതിൽക്കൽ ഒരു വൃദ്ധയെയാണു കണ്ടത്. മരണാപകടത്തിൽപ്പെട്ടിരിക്കുന്ന ഒരു യുവാവിന്റെ പക്കലേക്ക്

ഉടനെ പോകണമെന്ന് ആ വനിത അദ്ദേഹത്തോട് അപേക്ഷിച്ചു. "അത്ര അത്യാവശ്യമാണോ? നാളെ രാവിലെ ആയാൽ പോരേ?" അദ്ദേഹം ചോദിച്ചു. "പോരാ, അത്യാവശ്യമാണ്" എന്ന മറുപടിയുണ്ടായി. ഉടനെ പുറപ്പെടാൻ തീരുമാനിച്ചു. മരണാസന്നനാണെന്നു പറയപ്പെട്ട യുവാവിന്റെ പേരും മേൽവിലാസവും ചോദിച്ചറിഞ്ഞു. അയാളുടെ താമസസ്ഥലം പള്ളിയിൽ നിന്നു കുറെ അകലെയായിരുന്നു. കുറേക്കൂടി നേരത്തെ വരാഞ്ഞതിന് ആ സ്ത്രീയെ അദ്ദേഹം കുറ്റപ്പെടുത്തി. അവൾ ദുഃഖത്തോടെ പറഞ്ഞു. "എന്റെ അച്ചാ, ഈ പരസ്നേഹപ്രവൃത്തിക്ക് അങ്ങയുടെ മരണ സമയത്തു ദൈവം അങ്ങേയ്ക്കു പ്രതിഫലം നല്കാതിരിക്കയില്ല." അസാധാരണമായ എന്തോ ആ സ്ത്രീയിൽ അദ്ദേഹം ദർശിച്ചു. ആശ്ചര്യത്തോടെ സൂക്ഷിച്ചുനോക്കി. ആ ഇടവകയിൽ മുമ്പൊരിക്കലും കണ്ടിട്ടില്ല.

അര മണിക്കൂറിനകം വികാരിയച്ചൻ ആ സ്ത്രീ പറഞ്ഞ വീടിന്റെ പടിക്കലെത്തി. "മിസ്റ്റർ അ.... ഇവിടെ അല്ലെ താമസിക്കുന്നത്?" വാതിൽ തുറന്ന വേലക്കാരിയോടു ചോദിച്ചു.

"അതേ."

"ഇവിടെ ആർക്കാണ് അസുഖം?"

"ഇവിടെ ആർക്കും അസുഖമില്ല; ഒരുപക്ഷേ അങ്ങേക്കു പേരു പിശകിയതാകാം."

വൈദികൻ വിസ്മയഭരിതനായി. കൂടുതൽ അന്വേഷണം നടത്തിയെങ്കിലും ഫലമുണ്ടായില്ല. പള്ളിയിലേക്കു മടങ്ങുവാൻ തീരുമാനിച്ചു. അപ്പോൾ ഭവനത്തിന്റെ ഒരു ഭാഗത്തുനിന്നു കാഴ്ചയിൽ നല്ല ആരോഗ്യവും കായബല

വുമുള്ള ഒരു യുവാവ് അദ്ദേഹത്തെ സമീപിച്ചു. അവരുടെ സംഭാഷണം അയാൾ കേട്ടുകൊണ്ടിരുന്നു. "എന്റെ പേരും മേൽവിലാസവും പറഞ്ഞ് അങ്ങയെ ഇവിടേയ്ക്കയയ്ക്കുവാൻ ആർക്കു തോന്നിയെന്ന് ഊഹിക്കാൻ കഴിയുന്നില്ല. ഞാൻ അരോഗദൃഢഗാത്രനാണെന്നു കാണുന്നില്ലേ? ഈ വീട്ടിൽ ഞാൻ മാത്രമേ ഉള്ളൂതാനും. എന്നാൽ അങ്ങ് അകത്തേക്കു വരിക; അല്പനേരം വിശ്രമിച്ചിട്ടു പോകാം."

ആ ക്ഷണം വൈദികൻ സസന്തോഷം സ്വീകരിച്ചു. യുവാവ് കുറെ നേരത്തേക്കു മൗനം അവലംബിച്ചതിനു ശേഷം തന്റെ ജീവിതകഥ വെളിപ്പെടുത്തി. അയാൾ നാമമാത്ര കത്തോലിക്കനാണ്. മതാനുഷ്ഠാനങ്ങൾ ഉപേക്ഷിച്ചിട്ടു പത്തു വർഷങ്ങൾക്കു മേലായിരുന്നു. എങ്കിലും ആ അവസ്ഥ അയാളുടെ മനസ്സാക്ഷിയെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു. വൈദികൻ യാത്രപറഞ്ഞു പിരിയുന്നതിനു മുമ്പ് അയാൾ പാപോച്ചാരണത്താൽ ദൈവത്തോടു സമാധാനപ്പെട്ടു.

അടുത്തദിവസം ഞായറാഴ്ചയായിരുന്നു. പ്രസ്തുത യുവാവ് പള്ളിയിലെത്തി കുർബാന സ്വീകരിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ അയാൾ എത്തിയില്ല. വൈദികൻ അയാളുടെ താമസസ്ഥലത്തെത്തി. തലേദിവസം വാതിൽ തുറന്ന വേലക്കാരിയെ കണ്ടു. അവൾ വ്യസനകരമായ ആ സംഭവം അറിയിച്ചു. അവളുടെ യജമാനൻ പ്രഭാതത്തിൽ മരിച്ചു കിടക്കുന്നതായി കാണപ്പെട്ടു.

ആ ശവമഞ്ചത്തിനു സമീപം വൈദികൻ ചിന്തയിൽ മുഴുകി ദീർഘനേരം നിന്നു. ആകസ്മികമായി തലയുയർത്തി നോക്കിയപ്പോൾ ഭിത്തിയിൽ ഒരുപടം തൂക്കിയിട്ടിരിക്കുന്നതു കണ്ടു. തലേരാത്രി അദ്ദേഹത്തെ കണ്ടു സംസാരിച്ച സ്ത്രീയുടെ ഛായ തന്നെ. അദ്ദേഹം അത്ഭുതസ്ത

ബ്ധനായി. "ആരുടേതാണ് ഈ ചിത്രം?" അടുത്തു നിന്നി രുന്ന ഒരാളോടു ചോദിച്ചു.

"ഈ മരിച്ച ആളിന്റെ അമ്മയുടേതാണ്."

"അവർ എവിടെ താമസിക്കുന്നു?" അദ്ദേഹം ആരാ ഞ്ഞു.

"അവർ മരിച്ചിട്ടു നാലഞ്ചുവർഷമായി."

ഇതോടുകൂടി രഹസ്യമെല്ലാം വ്യക്തമായി; സംശയം ഒട്ടും അവശേഷിച്ചില്ല. അദ്ദേഹം തലേദിവസം സംസാരി ച്ചതു ശവകൂടീരത്തിന്റെ അപ്പുറത്തുനിന്നു ഭൂമിയിലേക്കു വന്ന ഒരു ആത്മാവിനോടായിരുന്നു.

ആ വൈദികൻ പറയുന്നു. "ഈ സംഭവം തികച്ചും അസാധാരണമാണെങ്കിലും താദൃശസംഭവങ്ങൾ വേറെയും കേട്ടിട്ടുണ്ട്. മരണ സമയത്തു നമ്മെ ആശ്വസിപ്പിക്കുന്ന തിനും സഹായിക്കുന്നതിനുമായി വിശുദ്ധന്മാരും ദൈവ ദൂതന്മാരും ആഗതരായെന്നു വരാം. എന്നാൽ അനന്തശ ക്തമായ പാപമോചകവരങ്ങളാൽ സ്വർഗ്ഗകവാടം തുറക്കു ന്നതിനുള്ള അധികാരം പുരോഹിതനു മാത്രമേയുള്ളൂ."

അദ്ധ്യായം 9

# ദണ്ഡവിമോചനങ്ങൾ

ഉത്തമ മനസ്താപത്താലും കുമ്പസാരത്താലും നമ്മുടെ പാപങ്ങൾക്കു മോചനം സിദ്ധിക്കുമെന്നതും നിത്യ ശിക്ഷയിൽ നിന്നു നമ്മൾ വിമുക്തരാകുമെന്നതും തീർച്ച യുള്ള കാര്യങ്ങളാണ്. എന്നുവരികിലും അവശേഷിക്കു ന്ന താല്കാലിക ശിക്ഷ പൂർണ്ണമായി നീങ്ങുകയില്ല. പ്രായശ്ചിത്തങ്ങൾ ചെയ്തും ഭക്തികൃത്യങ്ങൾ അനു ഷ്ഠിച്ചും നമുക്കു ഐഹികജീവിതകാലത്തുതന്നെ താൽക്കാലിക ശിക്ഷ പൂർണ്ണമായോ ഭാഗികമായോ നീക്കി ക്കളയാവുന്നതാണ്. പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞി ല്ലെങ്കിൽ ശുദ്ധീകരണ സ്ഥലത്തു ക്ലേശമനുഭവിക്കേണ്ടി വരും. പാപക്കറ മുഴുവനും നീങ്ങാതെ ദൈവരാജ്യത്തിൽ, സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ നമുക്കു സാധിക്കുന്നതല്ല.

തിരുസഭയിൽ ദിവ്യദാനങ്ങളുടെ അനശ്വരവും അമൂ ല്യവുമായ സമ്പത്താണുള്ളത്. നമ്മുടെ കർത്താ വിന്റെ പരിത്രാണ കർമ്മത്താലും പരിശുദ്ധ കന്യകാമറിയത്തി ന്റേയും വിശുദ്ധരുടേയും യോഗ്യതകളാലും ലഭ്യമാ യ താണത്. ഈ അമൂല്യനിധിയിൽ നിന്നു തിരുസഭ അതിന്റെ അംഗങ്ങൾക്കു പ്രസ്തുത ദാനങ്ങളും യോഗ്യതകളും പകർ ന്നു കൊടുക്കുന്നു. ദണ്ഡവിമോചനം എന്ന പേരിലാണ് അത് അറിയപ്പെടുക. നാം ചെയ്യുന്ന പരിഹാരപ്രവൃത്തികളെ പ്പോലെ ദണ്ഡവിമോചനങ്ങൾ നമ്മളിൽ നിന്നു താല്കാ ലിക ശിക്ഷ നീക്കിക്കളയും.

## താല്ക്കാലിക ശിക്ഷയിൽനിന്നുള്ള മോചനം

പാപമോചനാനന്തരം താല്കാലിക ശിക്ഷയിൽ

നിന്നു വിടുതൽ പ്രാപിക്കുന്നതിനുള്ള മാധ്യമമാണു ദണ്ഡ വിമോചനം. കുമ്പസാരിക്കുമ്പോൾ പുരോഹിതൻ പ്രായ ശ്ചിത്തം നിശ്ചയിക്കുന്നുണ്ടല്ലോ. ഇതു താൽക്കാലിക ശിക്ഷ ഇളച്ചുകൊടുക്കുന്നതാണ്. അവശേഷിക്കുന്ന താല് ക്കാലിക ശിക്ഷ സ്വന്തമായി പ്രായശ്ചിത്തങ്ങൾ ചെയ്തും പ്രാർത്ഥിച്ചും ദണ്ഡവിമോചനങ്ങൾ സമ്പാദിച്ചും ലഘൂക രിക്കാം. പാപത്താലുള്ള കാലികമായ ശിക്ഷക്കു ഭാഗിക മായോ പൂർണ്ണമായോ ഇളവു കിട്ടും. ഏതു വിശ്വാസിക്കും തനിക്കുവേണ്ടിയോ മരിച്ചവർക്കു വേണ്ടിയോ ദണ്ഡവി മോചനങ്ങൾ സമ്പാദിക്കാവുന്നതാണ്.

## കുമ്പസാരത്തിന്റെ പൂർണ്ണത

നമ്മുടെ ജീവിതത്തെ നിയന്ത്രിക്കാനും പവിത്രീക രിക്കാനും ദൈവം പ്രമാണങ്ങൾ നൽകി. പ്രമാണങ്ങൾക്ക നുസൃതമായി ജീവിക്കുമ്പോൾ നമ്മുടെ പ്രവൃത്തികൾ നല്ല വയാകും. അല്ലെങ്കിലോ ദുഷ്ടതയുടെ പരിവേഷമണിയും. പാപത്തിൽനിന്നു മോചനം പ്രാപിക്കാൻ ഈശോ കുമ്പ സാരമെന്ന കൂദാശ സ്ഥാപിച്ചു. കുമ്പസാരിക്കുമ്പോൾ പാപ ത്തിന്റെ അപരാധവും നിത്യശിക്ഷയും ഇല്ലാതെയാകും. പക്ഷേ പാപം മോചിക്കപ്പെട്ടാലും ഇഹത്തിൽ വച്ചോ മര ണശേഷമോ സഹിക്കേണ്ടതായ താല് കാലികശിക്ഷ അവ ശേഷിക്കും.

കുമ്പസാരിക്കുമ്പോൾ പുരോഹിതൻ ഏല്പിക്കുന്ന പ്രായശ്ചിത്തം കൊണ്ടു താല്കാലിക ശിക്ഷയ്ക്കു കുറ വു കിട്ടും. കൂടാതെ പ്രായശ്ചിത്തപ്രവൃത്തികളാലും സഹ നങ്ങളാലും താൽക്കാലികശിക്ഷയ്ക്കു പരിഹാരം സമ്പാ ദിക്കാവുന്നതാണ്. പാപത്തിന്റെ ശിക്ഷയായി ഇവിടെ വച്ചോ ശുദ്ധീകരണ സ്ഥലത്തുവച്ചോ അനുഭവിക്കേണ്ടി വരുന്ന വേദനയിൽ നിന്നുള്ള മോചനമാണു ദണ്ഡവിമോചനം കൊണ്ടു കിട്ടുന്നത്. ഏവംവിധം ദണ്ഡവിമോചനം കുമ്പ സാരമെന്ന കൂദാശയ്ക്കു പൂർണ്ണത കല്പിക്കുന്നു.

അദ്ധ്യായം 10

# ഉപസംഹാരം

കുമ്പസാരമെന്ന കൂദാശയെക്കുറിച്ചു നമ്മൾ ചിന്തിച്ചു. നമ്മുടെ ആത്മരക്ഷയ്ക്ക് ആവശ്യമാണെന്നു നമ്മൾ മനസ്സിലാക്കി. നമ്മൾ പഠിച്ച കാര്യങ്ങളുടെ ചുരുക്കം കുറിക്കുകയാണ്.

കുമ്പസാരം സംബന്ധിച്ച അതിപ്രധാനപ്പെട്ട കാര്യം ചെയ്തുപോയ പാപങ്ങളെക്കുറിച്ച് മനസ്തപിക്കുക എന്നതാണ്. ഈ അനുതാപം അഥവാ മനസ്താപം നമ്മോട് ആവശ്യപ്പെടുന്നു, പാപവും പാപമാർഗ്ഗങ്ങളും ഉപേക്ഷിക്കണമെന്ന്. ദൈവത്തോടുള്ള സ്നേഹത്തെപ്രതിയാണ് അതിനായി മനസ്സു വയ്ക്കുന്നതെങ്കിൽ അതു പൂർണ്ണ മനസ്താപമാകും. നരകശിക്ഷ ഭയന്നാണെങ്കിൽ അപൂർണ്ണ മനസ്താപമാകും.

പാപി താൻ ചെയ്ത പാപങ്ങളിൽ ചാവുദോഷമായവയെ ഓർക്കുന്നിടത്തോളം വൈദികനോട് ഏറ്റുപറയണം. ഇക്കാര്യത്തിൽ നമ്മൾ ആത്മാർത്ഥതയോടെ വർത്തിക്കേണ്ടതാണ്. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നടപ്പാക്കുകയും ചെയ്യണം. ഈശോ അരുളിച്ചെയ്ത മൂന്ന് ഉപമകൾ അനുതാപശുശ്രൂഷയോടനുബന്ധിച്ചു നമ്മുടെ ശ്രദ്ധയെ പിടിച്ചുപറ്റുന്നു; കാണാതായ ആടിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, ധൂർത്തപുത്രന്റെ ഉപമ. ആദ്യത്തെ ഉപമയിൽ നമ്മൾ കാണുന്നതു പാപിയെ അന്വേഷിച്ചു പോകുന്ന ദൈവത്തെയാണ്. അതായതു ദൈവത്തിന്റെ കൃപ പാപിയെ പിൻതുടരുന്നു. അവൻ നന്നായി

പ്രതികരിച്ചാൽ രക്ഷ പ്രാപിക്കും. രണ്ടാമത്തെ ഉപമ മാന സാന്തരം കൊണ്ടുണ്ടാകുന്ന സന്തോഷമാണു രൂപപ്പെടു ത്തിയിരിക്കുന്നത്. മാനസാന്തരപ്പെട്ടു പാപി സന്തോഷി ക്കുന്നു; അതോടൊപ്പം മറ്റുള്ളവരും. മൂന്നാമത്തെ ഉപമ യിൽ നമ്മൾ കാണുന്നതു പാപിയെ സ്വീകരിക്കാൻ കാത്തി രിക്കുന്ന ദൈവത്തെയാണ്. ഈ അവസ്ഥാ വിശേഷം ഡൊസ്കോവിസ്കി തന്റെ 'വിഡ്ഢി' (The Idiot) എന്ന നോവലിൽ അവതരിപ്പിക്കുന്നതു നോക്കുക. നോവലിലെ പ്രധാന കഥാപാത്രമായ പ്രഭു കുമാരൻ ഒരു പ്രഭാതത്തിൽ ലെനിൻഗ്രാഡ് നഗരത്തിന്റെ റോഡിലൂടെ നടക്കുകയായി രുന്നു. അപ്പോൾ ഒരു വനിത അവളുടെ കൈക്കുഞ്ഞി നെ എടുത്തുകൊണ്ടു വരുന്നതു കണ്ടു. ആ ശിശു അമ്മ യെ നോക്കി ചിരിക്കുന്നു. അമ്മ ഭക്തിപൂർവ്വം സ്വയം കുരിശു വരയ്ക്കുന്നു. പ്രഭുകുമാരൻ കുരിശു വരച്ചതിന്റെ കാരണം ചോദിച്ചു. അവൾ പറഞ്ഞു. "അമ്മയ്ക്ക് കുഞ്ഞ് ആദ്യം പുഞ്ചിരി സമ്മാനിക്കുമ്പോൾ അവൾ സന്തോഷി ക്കുന്നതു പോലെയാണു, ദൈവം സ്വർഗ്ഗത്തിൽനിന്നു ഭൂമി യിലേക്കു നോക്കുമ്പോൾ, ഒരു പാപി മാനസാന്തരപ്പെടു ന്നതു കണ്ടു സന്തോഷിക്കുക" ആ സ്ത്രീ വാസ്തവത്തിൽ ക്രിസ്തുമതത്തിന്റെ സാരാംശം വിസ്ഫുരിക്കുകയായിരു ന്നു. ദൈവത്തെപ്പറ്റി നമുക്കുണ്ടാകേണ്ടതായ ആശയം അതാകണം.

ദൈവം നമ്മുടെ പിതാവാണ്; പശ്ചാത്തപിച്ചു ദൈവ ത്തിലേയ്ക്കു തിരിയുമ്പോൾ അവിടുന്നു നമ്മെ സ്വീകരി ക്കും. കുമ്പസാരം അതിനുള്ള അവസരം ഒരുക്കുന്നു. "അതിനാൽ, അശുദ്ധിയും തിന്മയുമാകുന്ന പഴയ പുളിപ്പു കൊണ്ടല്ല, ആത്മാർത്ഥതയും സത്യവുമാകുന്ന പുളിപ്പില്ലാ ത്ത അപ്പംകൊണ്ട് നമുക്കു തിരുനാൾ ആഘോഷിക്കാം" (1 കോറി. 5:8).